കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# നീലേശ്വരം നഗരസഭ

## ഓഡിറ്റ് റിപ്പോർട്ട്

## 2018-2019


ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്

E-mail: doksd.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ട സഹിതം)

നം. കെ.എസ്.എ/കെ.എസ്.ഡി-4/789/2020.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം,
കാസറഗോഡ് – 671123.
ഇ-മെയിൽ : doksd.ksad@kerala.gov.in
ഫോൺ : 0499- 4256690.

തീയതി.01.01.2021.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയ, കാസറഗോഡ്.

ചെയർമാൻ (സെക്രട്ടറി മുഖാന്തിരം)

നീലേശ്വരം നഗരസഭ.

സർ,

വിഷയം : നീലേശ്വരം നഗരസഭ - 2018-2019 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്

***************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ നഗരപാലിക നിയമം 295(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം നീലേശ്വരം നഗരസഭയുടെ 2018-2019 സാമ്പത്തികവർഷത്തെ വരവു ചെലവു കണക്കുകളുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർനടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1, 3 എന്നിവയിലെ ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം നഗരസഭയുടെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ നഗരസഭ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള മുനിസിപ്പാലിറ്റി-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14, 15 ).

ഈ റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1), ചട്ടം 20, 23, 1997ലെ കേരളാ മുനിസിപ്പാലിറ്റി പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21 (1) , (2) എന്നിവ കാണുക)

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്.

പകർപ്പ് : 1) ഡയറക്ടർ,സംസ്ഥാന ഓഡിറ്റ് വകുപ്പ് തിരുവനന്തപുരം (ഇ.മെയിൽ)

2) സെക്രട്ടറി, തദ്ദേശ സ്വയംഭരണവകുപ്പ് തിരുവനന്തപുരം ( ഉപരിപത്രം സഹിതം)

3) റീജിയണൽ ജോയന്റ് ഡയറക്ടർ, നഗരകാര്യവകുപ്പ് , കോഴിക്കോട് (ഉപരിപത്രം സഹിതം)

4) കാര്യാലയ പകർപ്പ്

നം.കെ.എസ്.എ/കെ.എസ്.ഡി-4/789/2020, തിയ്യതി:01.01.2021.

# കാസറഗോഡ് ജില്ലയിലെ നീലേശ്വരം നഗരസഭയുടെ 2018-2019 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ നഗരപാലിക നിയമം- വകുപ്പ് 295(4) , 1994ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

*****

കാസറഗോഡ് ജില്ലയിലെ നീലേശ്വരം നഗരസഭയുടെ 2018-19 സാമ്പത്തിക വർഷത്തെ വരവ് ചെലവ് കണക്കുകൾ ഓഡിറ്റിനു വിധേയമാക്കുകയുണ്ടായി. അധികാരവികേന്ദ്രീകരണത്തിന്റെ ഭാഗമായി അനുവദിച്ച് കിട്ടിയ പദ്ധതിവിഹിതം, മെയിന്റനൻസ് ഫണ്ട്, കേന്ദ്രാവിഷ്കൃത പദ്ധതിവിഹിതം, സംസ്ഥാനാവിഷ്കൃത പദ്ധതിവിഹിതം, മറ്റ് ഏജൻസികളിൽ നിന്നും, വകുപ്പുകളിൽ നിന്നുമുള്ള ധനസഹായം, എന്നിവയും പരിശോധനയ്ക്ക് വിധേയമാക്കുകയുണ്ടായി. നഗരസഭ 01.04.2018 മുതൽ 31.03.2020 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01.04.2018 മുതൽ 31.03.2019 വരെ വിവിധ അക്കൗണ്ടുകളിൽ നിന്ന് നടത്തിയ പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിക്കുകയുണ്ടായി.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ്അന്വേഷണക്കുറിപ്പുകളിലൂടെ നഗരസഭയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 24 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 13 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾക്ക് ലഭിച്ച മറുപടി പരിഗണിച്ച ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ നഗരസഭ സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിനു ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.സന്തോഷ്.ബി,<br>സീനിയർ ഡെപ്യൂട്ടി ഡയറക്ടർ. | |
| ഓഡിറ്റിനു വിനിയോഗിച്ച സമയം | 16-11-2020 മുതൽ 30.11.2020 വരെ | |
| ഓഡിറ്റ്നടത്തിയ ഉദ്യോഗസ്ഥർ | പേര് | ഉദ്യോഗപ്പേര് |
| | ശ്രീ.വിനോദ് കുമാർ.സി. | ഓഡിറ്റ് ഓഫീസർ |
| | ശ്രീ.വിനോദ് കുമാർ.വി. | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീ.തോമസ്.കെ. | അസിസ്റ്റന്റ്ഓഡിറ്റ് ഓഫീസർ |
| | ശ്രീ.കുഞ്ഞികൃഷ്ണൻ.കെ.സി | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീ.സുനിൽ കുമാർ. എം. | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീമതി.ബിന്ദു.വി.വി | ഓഡിറ്റർ |
| | ശ്രീ.ഹരി വേണുഗോപാലൻ . കെ.വി | ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| ചെയർമാൻ | പ്രൊഫ.കെ.പി.ജയരാജൻ | 01.04.2018 മുതൽ 31.03.2019 വരെ |
| സെക്രട്ടറി | വിൻസെന്റ് .കെ.എ (സൂപ്രണ്ട്, സെക്രട്ടറിയുടെ അധിക ചുമതല) | 01.04.2018 മുതൽ 02.07.2018 F/Nവരെ |

| | | | |
|---|---|---|---|
| | | മനോജ് കുമാർ.ടി | 02.07. 2018 A/N മുതൽ 31.03. 2019വരെ |

(സി) നിർവ്വഹണ ഉദ്യോഗസ്ഥർ

| ക്രമ.നം | ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|---|
| 1 | ഫിഷറീസ് സബ് ഇൻസ്പെക്ടർ | ജോസ്.ബാബു | 01.04.2018 മുതൽ 31.03.2019 വരെ |
| 2 | മെഡിക്കൽ ഓഫീസർ, ആയുർ വേദം | ഡോ.പ്രിയ.കെ | 01.04.2018മുതൽ 31.3.2019 വരെ |
| 3 | മെഡിക്കൽ ഓഫീസർ ,ഹോമിയോ ആശുപത്രി, നീലേശ്വരം | ഡോ.ടി.പി.രമേശൻ | 01.04.2018മുതൽ 31.3.2019 വരെ |
| 4 | സൂപ്രണ്ട്, താലൂക്ക് ആശുപത്രി | ഡോ.ജമാൽ അഹമ്മദ്.എ | 01.04.2018 മുതൽ 31.03.2019 വരെ |
| 5 | കൃഷി ഓഫീസർ | രേഷ്മ.കെ.പി | 01.04.2018 മുതൽ 31.03.2019 വരെ |
| 6 | സീനിയർ വെറ്റിനറി സർജൻ, നീലേശ്വരം മൃഗാശുപത്രി | ഡോ.വി.വി.പ്രദീപ് കുമാർ | 01.04.2018 മുതൽ 31.03.2019 വരെ |
| 7 | മെമ്പർ സെക്രട്ടറി, ദാരിദ്ര്യലഘൂകരണ വിഭാഗം നീലേശ്വരം നഗരസഭ | പ്രമോദ്.കെ | 01.04.2018മുതൽ 31.03.2019 വരെ |
| 8 | ഹെൽത്ത് ഓഫീസർ, നീലേശ്വരം നഗരസഭ | അബ്ദുൾ കരീം.യു | 01.04.2018മുതൽ 17.07.2018 വരെ |
| | | നാരായണി.ടി | 18.07.2018മുതൽ 03.08.2018 വരെ |
| | | സി.അബ്ദുൾ റഫീഖ് | 04.08.2018മുതൽ 31.03.2019 വരെ |
| 9 | ഹെഡ്മിസ്ട്രസ്, സി.എച്ച്.എം.കെ.എസ്, ജി വി എച്ച് എസ് എസ്, കോട്ടപ്പുറം | ബീന.പി | 01.04.2018മുതൽ 28.10.2018 വരെ |
| | | രാജി.കെ | 29.10.2018മുതൽ 18.12.2018 വരെ |
| | | റംലബീബീ.സി.കെ | 19.12.2018മുതൽ 31.03.2019 വരെ |
| 10 | ഐ.സി.ഡി.എസ് സൂപ്പർ വൈസർ. | ഇന്ദു.എസ്. | 01.04.2018മുതൽ 12.07.2018 വരെ |
| | | അനുമോൾ..പി.എസ് | 13.07.2018മുതൽ 31.03.2019 വരെ |
| 11 | മുനിസിപ്പൽ എഞ്ചിനീയർ | ഉമേശൻ.എൻ | 01.04.2018മുതൽ 22.08.2018 വരെ |
| | | ഗണേശൻ.കെ | 23.08.2018മുതൽ 31.03.2019 വരെ |
| 12 | ബ്ലോക്ക് എസ്.സി.ഡി.ഒ | അസൈനാർ.കെ | 01.04.2018മുതൽ 18.06.2018 വരെ |
| | | സതീഷ് കുമാർ.പി.വി | 19.06.2018മുതൽ 31.03.2019 വരെ |
| 13 | ഇൻഡസ്ട്രിയൽ എക്സ്റ്റൻഷൻ ഓഫീസർ | മനോജ്.പി.കെ | 01.04.2018മുതൽ 04.09.2018 വരെ |
| | | ജെയിൻ.സി.ജെ | 05.09.2018മുതൽ 22.10.2018 വരെ |
| | | സാജൻ.ജോസഫ് | 23.10.2018മുതൽ 31.03.2019 വരെ |

ഉള്ളടക്കം


| രമ നം. | ഭാഗം 1-പൊതു അവലോകനം | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |

| | | |
|---|---|---|
| 6 | അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി | 1-6 |
| 7 | ക്ഷേമ പദ്ധതികൾ | 1-7 |
| 8 | ക്യാഷ് വെരിഫിക്കേഷൻ | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 11 | വാർഷിക ധനകാര്യ പത്രിക -സാക്ഷ്യപത്രം പ്രകാരം പരിഹരിക്കുവാൻ അവശേഷിക്കുന്ന പരാമർശങ്ങൾ | 1-11 |
| 12 | വാടകപിരിവ് - അപാകതകൾ | 1-12 |
| 13 | രശീതി പരിശോധന - പുറംവാതിൽ കളക്ഷൻ നഗരസഭയിൽ ഒടുക്കുന്നതിൽ കാലതാമസം | 1-13 |
| 14 | നഗരസഭ പരിധിയിലെ പുറമ്പോക്ക് ഭൂമികൾ സംബന്ധിച്ച വിവരങ്ങൾ ലഭ്യമല്ല. | 1-14 |
| 15 | ലൈസൻസ് ഫീസ് - അപാകതകൾ | 1-15 |
| 16 | ഡി ആന്റ് ഒ ലൈസൻസ് പുതുക്കലും ഫീസ് പിരിവും- അപാകതകൾ | 1-16 |
| 17 | നഗരസഭാ -മണൽ വിഹിതം | 1-17 |
| 18 | വരവിനങ്ങളിൽ വൻ കുടിശ്ശിക | 1-18 |
| 19 | തൊഴിൽ നികുതി പിരിവ് - അപാകതകൾ | 1-19 |
| 20 | ശ്രീ. മെബിൻ. എ.പി, സാനിറ്റേഷൻ വർക്കർക്ക് തെറ്റായ് ഇൻക്രിമെന്റ് അനുവതിച്ചതിനാൽ അധികം തുക നൽകി- സേവനപുസ്തകത്തിലെ അപാകത. | 1-20 |
| 21 | നഗരസഭാ സെക്രട്ടറിക്ക് ക്വാർട്ടേഴ്സ് വാടക അനുവദിച്ചത്-കൈപ്പറ്റിയ വീട്ടുവാടക ബത്ത തിരിച്ചടച്ചു. | 1-21 |
| 22 | ജീവനക്കാരുടെ ശമ്പള പരിഷ്കരണം കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിൽ നിന്നും സമയാസമയങ്ങളിൽ അംഗീകാരം വാങ്ങുന്നില്ല | 1-22 |
| 23 | കണ്ടിജന്റ് ജീവനക്കാരുടെ സേവന പുസ്തകത്തിൽ ശമ്പള പരിഷ്കരണത്തിന്റെയടിസ്ഥാനത്തിൽ നടത്തിയ ശമ്പള നിർണ്ണയ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല, മറ്റ് അപാകതകൾ. | 1-23 |
| 24 | നഗരസഭ പെൻഷൻഫണ്ട്- അവലോകനം | 1-24 |
| 25 | ചെറപ്പുറം കുടിവെള്ള പദ്ധതി- പൂർത്തീകരണ വിവരങ്ങൾ ലഭ്യമല്ല- നടപടിക്രമങ്ങളിൽ അപാകതകൾ | 1-25 |
| 26 | ഇടിച്ചൂടി കുടിവെള്ള പദ്ധതി-പൂർത്തീകരണ വിവരങ്ങൾ ലഭ്യമല്ല- നടപടിക്രമങ്ങളിൽ അപാകതകൾ | 1-26 |
| 27 | പി.എം.എ.വൈ. ഭവന പദ്ധതി | 1-27 |
| 28 | പൂർത്തീകരിക്കാത്ത ഭവനങ്ങൾ | 1-28 |
| 29 | സംരക്ഷണ ഗ്രാന്റ് നോൺ റോഡ് വിഹിതം ഉപയോഗിച്ച് അനുവദനീയമല്ലാത്ത പദ്ധതികൾക്ക് തുക വനിയോഗിച്ചു -അപാകതകൾ | 1-29 |
| 30 | വീട് വാസയോഗ്യമാക്കൽ പദ്ധതി - പൂർത്തീകരണ രേഖകൾ ഹാജരാക്കിയില്ല | 1-30 |
| 31 | വനിതാ ഗ്രൂപ്പുകൾക്ക് സ്വയം തൊഴിൽ പദ്ധതി - സബ്സിഡി തുക ലോൺ അക്കൗണ്ടിലേയ്ക്ക് വരവ് വെച്ചതിന്റെ രേഖകൾ ലഭ്യമാക്കിയില്ല. | 1-31 |
| 32 | ആശുപത്രി മാനേജിംഗ് കമ്മിറ്റികളുടെ വാർഷിക കണക്കുകൾ ഓഡിറ്റിൽ പരിശോധനക്കായി ലഭ്യമാക്കിയില്ല. | 1-32 |
| 33 | ഹെൽത്ത് സൂപ്പർവൈസർ നിർവ്വഹണം നടത്തിയ പദ്ധതികളിലെ അപാകത | 1-33 |
| 34 | ലാപ് ടോപ്പ് വിതരണം അപാകത | 1-34 |
| | ഭാഗം 2-<br>വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| | ഇല്ല. | |
| | ഭാഗം 3-<br>ചെലവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 35 | സമഗ്ര വിദ്യാഭ്യാസ പദ്ധതി -ഡിക്ഷണറി വിതരണം - 117 എണ്ണം വിദ്യാർത്ഥികൾക്ക് നൽകിയിട്ടില്ല. | 3-1 |
| 36 | വിദ്യാർത്ഥികൾക്ക് ലാപ് ടോപ് വിതരണം- അർഹത തെളിയിക്കുന്ന രേഖകൾ ഹാജരാക്കിയില്ല | 3-2 |
| | ഭാഗം 4-പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | |
| 37 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 38 | സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 39 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |

| | | |
|---|---|---|
| 40 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-4 |
| 41 | വായ്പ/ വായ്പ തിരിച്ചടവ് | 4-5 |
| 42 | സ്ഥിരനിക്ഷേപങ്ങൾ | 4-6 |
| 43 | ഓഡിറ്റ് റിക്കവറി | 4-7 |
| 44 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ | 4-8 |
| 45 | ചാർജ്ജ്/സർചാർജ്ജ് നടപടികൾ | 4-9 |
| 46 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 47 | തീർപ്പാക്കുവാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-11 |


<u>അനുബന്ധപത്രികകൾ</u>

1)ഓഡിറ്റ് സർട്ടിഫിക്കറ്റ്

2)ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്,

3)റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്,

4)ബാലൻസ് ഷീറ്റ്

5) ഖണ്ഡിക 1.19 പട്ടിക

## ഭാഗം -1

## ഓഡിറ്റ് റിപ്പോർട്ട്

### 1-1 ബജറ്റ്

2018-19 വർഷത്തെ ബജറ്റ് , പുതുക്കിയ ബജറ്റ് എന്നിവ അംഗീകരിച്ചതിന്റെ വിവരം -

| ഇനം | ബജറ്റ് | പുതുക്കിയ ബജറ്റ് |
|---|---|---|
| ഭരണ സമിതി തീരുമാനം , തിയതി | 01/ 27/03/2018 | 01/ 16/02/2019 |
| മുന്നിരിപ്പ് | 40783738.30 | 39136690.30 |
| വരവ് | 347202500.00 | 311450949.00 |
| ആകെ | 387986238.30 | 350587639.30 |
| ചെലവ് | 369527520.00 | 318488489.00 |
| നീക്കിയിരിപ്പ് | 18458718.30 | 32099150.30 |

### 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31/7/2019 | 05/07/2019 | ഇല്ല | ഇല്ല |

### 1-3 സാമ്പത്തിക വിശകലനം

(വാർഷിക ധനകാര്യ പത്രികയിലെ രസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വരവ് ചെലവ് വിവരങ്ങൾ)

| വർഷം | 2018-19 |
|---|---|
| മുന്നിരിപ്പ് | 3,82,71,938.49 |
| വരവ് | 21,83,94,995.00 |
| ആകെ | 25,66,66,933.49 |
| ചെലവ് | 18,46,99,941.00 |
| നീക്കിയിരിപ്പ് | 7,19,66,992.49 |

### 1-4 ഫണ്ട് വിനിയോഗം

എ) അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം

| ഫണ്ടിനം | മുൻബാക്കി | തൻ വർഷ | ആകെ | ചെലവ് | നീക്കി | ചെലവ് |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| | | വരവ് | | | യിരിപ്പ് | % |
| വികസനഫണ്ട് പൊതുവിഭാഗം | 0 | 4,21,83,110 | 4,21,83,110 | 3,49,89,151 | 71,93,959 | 82.1% |
| വികസനഫണ്ട് എസ്.സി.പി. | 0 | 63,50,000 | 63,50,000 | 61,04,452 | 2,45,548 | 96.1% |
| വികസനഫണ്ട് ടി.എസ്.പി. | 0 | 3,56,000 | 3,56,000 | 0 | 3,56,000 | 0 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 1,16,22,000 | 1,16,22,000 | 1,15,53,842 | 68,158 | 99.4% |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 1,09,22,000 | 1,09,22,000 | 87,56,158 | 21,65,842 | 80.16% |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 5,42,00,504 | 5,42,00,504 | 3,07,48,062 | 2,34,52,442 | 56.7% |
| ആകെ | 0 | 125633614 | 125633614 | 92151665 | 33481949 | 73.3% |

(* വികസന ഫണ്ട്, മെയിന്റനൻസ് ഫണ്ട്, ധനകാര്യക്കമ്മീഷൻ ഗ്രാന്റ്, ലോകബാങ്ക് ധനസഹായം എന്നീയിനങ്ങളിലെ നീക്കിയിരിപ്പ് തുകകൾ സഞ്ചിത നിധിയിൽ ലയിപ്പിക്കപ്പെട്ടതിനാൽ ഈയിനങ്ങളിൽ നീക്കിയിരിപ്പില്ല. ആകെ ലാപ്സായ തുക ₹3,34,81,949)

**ധനകാര്യകമ്മീഷൻ ഗ്രാന്റ് ഇനത്തിൽ അവസാന ഇൻസ്റ്റാൾമെന്റ് ആയി ലഭിച്ച 1,15,47,504 രൂപ ട്രഷറിയിൽ വൈകി വരവ് വന്നതിനാൽ (27.3.2019) വിനിയോഗിക്കുവാൻ സാധിച്ചിട്ടില്ലെന്ന് അധികൃതർ അറിയിക്കുകയുണ്ടായി)

ഫണ്ട് വിനിയോഗം രസീപ്റ്റ്& പേയ്മെന്റ് പത്രിക പ്രകാരം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കി യിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട് ജനറൽ | 0 | 3,49,89,151 | 3,49,89,151 | 3,49,89,151 | 0 |
| വികസന ഫണ്ട് -എസ്.സി.പി. | 0 | 61,04,452 | 61,04,452 | 61,04,452 | 0 |
| വികസന ഫണ്ട് -ടി.എസ്.പി. | 0 | 0 | 0 | 0 | 0 |
| മെയിന്റനൻസ്, ഗ്രാന്റ് റോഡ് | 0 | 1,15,53,842 | 1,15,53,842 | 1,15,53,842 | 0 |
| മെയിന്റനൻസ്,ഗ്രാന്റ് നോൺ- റോഡ് | 0 | 87,56,158 | 87,56,158 | 87,56,158 | 0 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് | 0 | 3,07,48,062 | 3,07,48,062 | 3,07,48,062 | 0 |
| | | | | | |
| ബി ഫണ്ട് | 0 | 8,95,420 | 8,95,420 | 8,95,420 | 0 |
| ട്രഷറി തനത് ഫണ്ട്. | 31,61,303 | 4,38,97,661 | 4,70,58,964 | 2,31,43,114 | 2,39,15,850 |
| ട്രഷറി സംയുക്ത പദ്ധതി | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല |
| കേന്ദ്രാവിഷ്കൃത പദ്ധതികൾ | | | | | |
| സൗത്ത് ഇന്ത്യൻ ബാങ്ക്-എൻ.യു.എൽ.എം. | 91,588 | 5,68,239 | 6,59,827 | 4,50,580 | 2,09,247 |
| സൗത്ത് ഇന്ത്യൻ ബാങ്ക്-പി.എം.എ.വൈ. | 91,70,808 | 3,98,10,471 | 4,89,81,279 | 4,36,43,529 | 53,37,750 |
| ICICI ശുചിത്വ മിഷൻ | 4,78,422 | 49,70,028 | 54,48,450 | 4,17,514 | 50,30,936 |
| എസ്.ബി.ഐ. SGRY | 12,784 | ഇല്ല | 12,784 | ഇല്ല | 12,784 |
| സംസ്ഥാനാവിഷ്കൃത പദ്ധതികൾ EMS നീലേശ്വരം സർവ്വീസ് സഹകരണ ബാങ്ക് | 1,51,720 | 9,488 | 1,61,208 | 50,000 | 1,11,208 |
| നീലേശ്വരം സർവ്വീസ് സഹകരണ ബാങ്ക് MN ലക്ഷം വീട് | 1,586 | 131 | 1,717 | ഇല്ല | 1,717 |
| സിൻഡിക്കേറ്റ് ബാങ്ക് -ശുചിത്വമഷൻ പ്രത്യേക ഫണ്ട്. | 92,98,209 | 5,37,919 | 98,36,128 | 1,60,000 | 96,76,128 |

| | | | | | |
|---|---|---|---|---|---|
| അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി | 53,98,470 | 52,40,711 | 1,06,39,181 | 56,09,363 | 50,29,818 |
| തനത് ഫണ്ട് | | | | | |
| എസ്. ബി. ഐ. തനത് | 87,88,083 | 2,62,12,258 | 3,50,00,341 | 1,44,08,959 | 2,05,91,382 |
| എസ്.ബി.ഐ. ഇ-മണൽ | 8,98,635 | 18,83,661 | 27,82,296 | 16,62,851 | 11,19,445 |
| മറ്റുള്ളവ | | | | | |
| നീലേശ്വരം സർവ്വീസ് സഹകരണ ബാങ്ക്978 | 6,13,519.49 | 24,786 | 6,38,305.49 | 0 | 6,38,305.49 |
| കാസറഗോഡ് ജില്ലാ സഹകരണ ബാങ്ക് | 1,884 | 36 | 1,920 | 0 | 1,920 |
| നീലേശ്വരം സഹകരണ അർബൻ ബാങ്ക് | 13,841 | 489 | 14,330 | 0 | 14,330 |
| PFട്രഷറി | 8,113 | 20,00,000 | 20,08,113 | 17,85,500 | 2,22,613 |
| Service Tax E-payment എസ്.ബി.ഐ. | -649 | 650 | 1 | 0 | 1 |
| EPF E-Payment- എസ്.ബി.ഐ. | 1,758 | 0 | 1758 | 649 | 1,109 |

- വാർഷിക ധനകാര്യ പത്രിക പരിശോധന സംബന്ധിച്ച് ഈ റിപ്പോർട്ടിലെ ഭാഗം1 ലെ പരാമർശങ്ങൾ കാണുക.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം .

| അംഗീകാരം ലഭിച്ചത്(എണ്ണം) | നടപ്പാക്കിയത് | ഭാഗീകമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പദ്ധതികളുടെ ശതമാനം |
|---|---|---|---|---|
| 277 | 162 | 19 | 96 | 58.48 |

നിർവ്വഹണോദ്യോഗസ്ഥരുടെ പദ്ധതി നിർവ്വഹണം സംബന്ധിച്ച സംക്ഷിപ്ത വിവരം

| ക്രമ നം | നിർവ്വഹണോദ്യോഗസ്ഥൻ | അംഗീകരിച്ച പദ്ധതി രേഖ പ്രകാരം 2018-19വർഷ ത്തിൽ നടപ്പാക്കേ ണ്ട പദ്ധതികളുടെ വിവരം | | 2018-19വർഷത്തിൽ നടപ്പാക്കിയ പദ്ധതികളുടെ വിവരം | | ചെലവ് ശതമാ നം. |
|---|---|---|---|---|---|---|
| | | എണ്ണം | അടങ്കൽ | എണ്ണം | ചെലവ് തുക | |
| 1 | മെഡിക്കൽ ഓഫീസർ, ആയുർവേദം | 3 | 1095000 | 3 | 1094940 | 99.99 |
| 2 | മെഡിക്കൽ ഓഫീസർ, ഹോമിയോ | 4 | 2010000 | 4 | 1969329 | 98 |
| 3 | മെഡിക്കൽ ഓഫീസർ, താലൂക്ക് | 11 | 3104402 | 10 | 2923302 | 94.16 |
| 4 | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 1 | 240000 | 1 | 217520 | 91 |
| 5 | വെറ്റിനറി സർജന് | 5 | 3581600 | 5 | 3557354 | 99.30 |
| 6 | കൃഷി ഓഫീസർ | 4 | 4563000 | 4 | 3081006 | 67.5 |
| 7 | പ്രോജക്ട് ഓഫീസർ, നഗരദാരിദ്ര്യ ലഘൂകരണ വിഭാഗം | 10 | 13884840 | 9 | 11912072 | 86 |
| 8 | ഇൻഡസ്ട്രീസ് എക്സ്റ്റൻഷൻ ഓഫീസർ | 1 | 1717647 | 1 | 1149100 | 67 |
| 9 | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 8 | 7553500 | 8 | 7429715 | 99 |
| 10 | പ്രിൻസിപ്പൽ, ഹയർസെക്കൻററി | 16 | 4681100 | 12 | 3614336 | 77.2 |
| 11 | മുനിസിപ്പൽ എഞ്ചിനീയർ | 173 | 121800407 | 95 | 42994780 | 35.29 |
| 12 | ഹെൽത്ത് ഓഫീസർ | 13 | 14306525 | 8 | 4457285 | 31.15 |

| | | | | | | |
|---|---|---|---|---|---|---|
| 13 | പട്ടികജാതി വികസന ഓഫീസർ | 16 | 8865870 | 12 | 6104452 | 69 |
| 14 | സെക്രട്ടറി | 12 | 5351288 | 9 | 3685878 | 69 |
| | ആകെ | 277 | 192755179 | 181 | 94191069 | 48.86 |

..

## 1-6 അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണച്ചെലവ് | | | | 456333 | |
| ഗുണഭോക്താക്കൾക്ക് വേതനമിനത്തിൽ നൽകിയത് | 5398470 | 5240711 | 10639181 | 5153030 | 5029818 |
| ആകെ | 5398470 | 5240711 | 10639181 | 5609363 | 5029818 |

അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതിയ്ക്കായി 2018-19 വർഷം 515 പദ്ധതികളുൾപ്പെടുന്ന ആക്ഷൻ പ്ലാൻ നഗരസഭ തയ്യാറാക്കി അംഗീകാരം നേടിയിരുന്നു. എന്നാൽ തൻ വർഷം 175 പദ്ധതികൾ മാത്രമാണ് നടപ്പാക്കിയത്. തൻ വർഷം വിവിധ പദ്ധതികളിലായി ആകെ 20510 തൊഴിൽ ദിനങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്.

## 1-7 ക്ഷേമ പദ്ധതികൾക്കായി തൻവർഷം വിനിയോഗിച്ച തുകയുടെ വിശദാംശം

തൻവർഷം നഗരസഭയിൽ വിവിധ ക്ഷേമ പദ്ധതികകൾക്കായി വിനിയോഗിക്കപ്പെട്ട തുകയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു. വിവിധ പെൻഷൻ ഇനങ്ങളുടെ ചെലവ് സംബന്ധിച്ച് സേവന സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വിവരമാണ് ചുവടെ കൊടുത്തിട്ടുള്ളത് . വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയ പ്രസ്തുത വിവരങ്ങളിൽ പൊരുത്തക്കേടുണ്ട്. ( വിശദാംശം ഈ റിപ്പോർട്ടിലെ ഖ.1.11 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.)

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 1,45,920 | 154 |
| കർഷകതൊഴിലാളി പെൻഷൻ | 95,74,400 | 493 |
| വിധവാപെൻഷൻ | 2,30,05,800 | 1717 |
| വാർദ്ധക്യകാലപെൻഷൻ | 2,95,27,100 | 2308 |
| വികലാംഗപെൻഷൻ | 66,85,700 | 510 |
| അവിവാഹിതകളായ 50 വയസ്സിനുമേൽ പ്രായമുള്ള വനിതകൾക്കുള്ള പെൻഷൻ | 17,21,800 | 81 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 6,00,000 | 20 |

## 1-8 ക്യാഷ് വെരിഫിക്കേഷൻ

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6 (4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 18.11.2020 തീയതിയിൽ 3.00 PM ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാനിധ്യത്തിൽ നടത്തുകയുണ്ടായി. ക്യാഷ് ബാലൻസായ 76,137/- രൂപയുടെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

1). നീലേശ്വരം നഗര സഭാ കാര്യാലയത്തിലെ ജീവനക്കാരുടെ തസ്തിക തിരിച്ചുള്ള വിവരം ചുവടെ പറയും പ്രകാരമാണ്.

| ക്രമ നം | തസ്തിക | എണ്ണം |
|---|---|---|
| 1 | സെക്രട്ടറി | 1 |
| 2 | സൂപ്രണ്ട് | 1 |
| 3 | റവന്യൂ ഇൻസ്പെക്ടർ | 1 |
| 4 | എച്ച്സി/ആർ.ഐ | 1 |
| 5 | സീനിയർ ക്ലർക്ക് | 7 |
| | | |

| | | |
|---|---|---|
| 6 | ക്ലർക്ക്/ബിൽകലക്ടർ | 7 |
| 7 | ഓഫീസ് അറ്റൻഡന്റ് | 2 |
| 8 | എച്ച്.ഐ ഗ്രേഡ്-1 | 1 |
| 9 | ജെ.എച്ച്.ഐ ഗ്രേഡ്-1 | 1 |
| 10 | ജെ.എച്ച്.ഐ ഗ്രേഡ്-11 | 3 |
| 11 | കണ്ടിജന്റ് ജീവനക്കാർ | 7 |

2). ജീവനക്കാരുടെ ചുമതലകളും ഉത്തരവാദിത്തങ്ങളും വിശദീകരിച്ചുകൊണ്ടുള്ള ഓഫീസ് ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ടെങ്കിലും അവ പ്രത്യകം രജിസ്റ്ററിൽ രേഖപ്പെടുത്തുന്നില്ല. പ്രത്യേകം ഉത്തരവുകളായിത്തന്നെ സൂക്ഷിച്ചിരിക്കുകയാണ്. G1-14562/10 തിയതി.02-07-2018 പ്രകാരം വിശദമായ ഓഫീസ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

3). ജീവനക്കാരുടെ ശമ്പളവും മറ്റ് ആനുകൂല്യങ്ങളും ബാങ്ക് അക്കൌണ്ട് മുഖേനയാണ് വിതരണം നടത്തുന്നത്. ജീവനക്കാരുടെ സേവന പുസ്തകം കൃത്യമായി പരിപാലിക്കുന്നില്ല. നഗര സഭാ കാര്യാലയത്തിലെ 12 റഗുലർ ജീവനക്കാരുടെ വിവിധ ശമ്പള പരിഷ്കരണങ്ങൾ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിൽ നിന്നും അംഗീകാരം വാങ്ങിയിട്ടില്ല. കൂടാതെ 6കണ്ടിജന്റ് ജീവനക്കാരുടെ ശമ്പളം ജി.ഒ (എം.എസ്) നം 118/2016/LSGD തീയതി 17.08.2016 പ്രകാരം 01.07.2014 മുതൽ നിർണ്ണയം നടത്തിയത് കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിൽ നിന്നും അംഗീകാരം വാങ്ങിയിട്ടില്ല. ജീവനക്കാരുടെ ശമ്പള പരിഷ്കരണം കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിൽ നിന്നും സമയാസമയങ്ങളിൽ അംഗീകാരം വാങ്ങേണ്ടതാണ്. ശ്രീ. മെബിൻ. എ.പി, സാനിറ്റേഷൻ വർക്കർക്ക് ഇൻക്രിമെന്റ് നൽകിയതിലെ അപാകത കാരണം 20940/രൂപ അധികം നൽകിയിട്ടുണ്ട്.ജീവനക്കാരുടെ പെൻഷൻ കോണ്ട്രിബ്യൂഷനും മറ്റ് ശമ്പള റിക്കവറികളും കൃത്യമായി ഈടാക്കി ബന്ധപ്പെട്ട വകുപ്പുകളിലേക്ക് ഒടുക്കുന്നുണ്ട്.

4). നഗര സഭാ കാര്യാലയത്തിലെ ജീവനക്കാരുടെ യോഗം (staff meeting) 2018-2019 സാമ്പത്തിക വർഷം 3 തവണ ചേർന്നിട്ടുണ്ട് (06.01.2019, 28.01.2019, 14.03.2019). യോഗതീരുമാനങ്ങൾ കൃത്യമായി മിനട്സ് ചെയ്യുന്നുണ്ട്. ജീവനക്കാരുടെ യോഗം മാസത്തിൽ ഒരുതവണയെങ്കിലും ചേരേണ്ടതും ഓരോ സെക്ഷനിലെയും പ്രവർത്തന പുരോഗതി വിലയിരുത്തേണ്ടതുമാണ്.

5). ബഡ്ജറ്റ് പാസ്സാക്കിയെങ്കിലും ആയതിന്റെ അടിസ്ഥാനത്തിൽ വരവ് ചിലവ് കണക്കുകള് കൃത്യമായി വിലയിരുത്തപ്പെടുന്നില്ല. സ്ഥാപനത്തിന്റെ വാർഷിക ബഡ്ജറ്റും യഥാർത്ഥ വരവ്-ചെലവും തമ്മിൽ വലിയ അന്തരം ഉണ്ട്. ക്യാഷും അക്കൌണ്ട്സും വ്യത്യസ്ഥ ജീവനക്കാരാണ് കൈകാര്യം ചെയ്യുന്നത്. അക്കൌണ്ട്സുകളും അക്കൌണ്ട് പോളിസികളും പാലിക്കുന്നുണ്ട്. ദിവസാന്ത്യ/മാസാന്ത്യം/വർഷാന്ത്യം നടത്തേണ്ട പൊരുത്തപ്പെടുത്തലുകൾ കൃത്യമായി ചെയ്തുവരുന്നുണ്ട്. അക്കൌണ്ടിന്റെ ബാക്ക്അപ്പ് കൃത്യമായി എടുത്ത് സൂക്ഷിക്കുന്നുണ്ട്. സ്ഥാപനത്തിലെ എല്ലാ ബാങ്ക് / ട്രഷറി ഇടപാടുകളും വാർഷിക ധനകാര്യ പത്രികയിലുൾപ്പെട്ടിട്ടുണ്ട്. ചില അക്കൌണ്ടുകളിൽ ഇടപാടുകൾ ഒന്നും തന്നെയില്ല. പ്രസിഡന്റിന്റെ ദുരിദാശ്വാസ നിധിയിക്കായി ഒരു അക്കൌണ്ട് ഉണ്ടെങ്കിലും ആയതിൽ തുകയൊന്നും തന്നെ നാളിതുവരെ നിക്ഷേപിച്ചിട്ടില്ല. ദിവസേനയുള്ള വരവുകൾ ബാങ്കിൽ കൃത്യമായി ഒടുക്കുന്നുണ്ട്. ഓഡിറ്റിന്റെ ഭാഗമായി കാഷ് ബാലൻസ് പരിശോധിച്ചതിൽ ക്യാഷ് ബാലൻസ് ക്യാഷ് ബുക്കുമായി പൊരുത്തപ്പെടുന്നുണ്ട്. ബാങ്ക്/ട്രഷറി അക്കൌണ്ടുകളുടെ പൊരുത്തപ്പെടുത്തൽ തയ്യാറാക്കി സൂക്ഷിച്ചിട്ടുണ്ട്.

6). മാനവൽ ഓഫ് ഓഫീസ് പ്രൊസീജിയർ ഖണ്ഡിക 21 പ്രകാരം ഓരോ സെക്ഷനുകളിലും പേഴ്സണൽ രജിസ്റ്റർ സൂക്ഷിക്കേണ്ടതും ഓരോ രജിസ്റ്ററിലെയും ആദ്യ കടലാസിൽ(fly leaf)സെക്ഷൻ സൂപ്രണ്ടിന്റെയും രജിസ്റ്റർ സൂക്ഷിയ്ക്കുന്ന ക്ലർക്കിന്റെയും പേര് എഴുതി ചേർത്തിരിയ്ക്കേണ്ടതുമാണ്.ഖണ്ഡിക 150 പ്രകാരം സൂപ്രണ്ടുമാർ പേഴ്സണൽ രജിസ്റ്റർ പരിശോധിക്കേണ്ടതിന്റെ ഒരു ഷെഡ്യൂൾ ഓഫീസ് മേധാവി തയ്യാറാക്കുകയും അതനുസരിച്ച് പേഴ്സണൽ രജിസ്റ്ററുകൾ പരിശോധിക്കേണ്ടതുമാണ്. ഓരോ പേഴ്സണൽ രജിസ്റ്ററിനോടൊപ്പവും ഒരു കലണ്ടർ വർഷം നീളുന്ന ഒരു തുടർ കുറിപ്പ് ഫയൽ (Running note file) സൂക്ഷിക്കേണ്ടതുമാണ്. നഗരസഭയിൽ തുടർ കുറിപ്പ് ഫയൽ സൂക്ഷിക്കുകയോ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥൻ പേഴ്സണൽ രജിസ്റ്റർ പരിശോധിക്കുകയോ ചെയ്യുന്നില്ല. പേഴ്സണൽ രജിസ്റ്ററിൽ ഫയലിൻമേൽ എടുത്ത തുടർ നടപടികൾ രേഖപ്പെടുത്തുന്നില്ല.

7). ഇൻകുമ്പൻസി രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. 03-07-2009ലെ 74217/ആർ.സി.3/08/ത.സ്വ.ഭ.വ.നമ്പർ സർക്കുലറിൽ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ ഉദ്യോഗസ്ഥരുടെ വിശദാംശങ്ങൾ അടങ്ങിയ ഇൻകുംമ്പൻസി രജിസ്റ്റർ സൂക്ഷിയ്ക്കണമെന്നും സ്ഥലംമാറ്റം സംബന്ധിച്ചുള്ള വിവരം രേഖപ്പെടുത്തണമെന്നും സ്ഥലം മാറുന്ന ഉദ്യോഗസ്ഥൻ നിർവഹണം നടത്തുന്ന പ്രവർത്തികളുടെ സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കണമെന്നും ഫയലുകൾ,രജിസ്റ്ററുകൾ തുടങ്ങിയവ രേഖാ മൂലം കൈമാറണം എന്നും നിർദ്ദേശിച്ചിരുന്നു. ഇൻകുമ്പൻസി രജിസ്റ്റർ സൂക്ഷിക്കുവാനും സർക്കാർ നിർദ്ദേശപ്രകാരം ജീവനക്കാരുടെ വിവരങ്ങൾ സംബന്ധിച്ച രേഖപ്പെടുത്തലുകൾ വരുത്തുവാനും നടപടികൾ സ്വീകരിക്കേണ്ടതാണ്.

8). തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളിലെ പരാമർശങ്ങൾ സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്തുന്ന ഓഡിറ്റ് ഓബ്ജക്ഷൻ രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. പ്രസ്തുത രജിസ്റ്റർ തയ്യാറാക്കിയിട്ടില്ലെങ്കിൽ ആയതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും ഓഡിറ്റ് തടസ്സവാദങ്ങൾ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്. നഗരസഭയുടെ മുൻ ഓഡിറ്റ് റിപ്പോർട്ടുകളിന്മേൽ നിലനിൽക്കുന്ന ചാർജ്ജ് സർചാർജ്ജ് നടപടികൾ, നിയമസഭ സമിതിയുടെ പരിഗണനയിലുള്ള പരാമർശങ്ങൾ എന്നിവയിന്മേൽ സമയബന്ധിതമായി നടപടികൾ കൈക്കൊള്ളേണ്ടതാണ്.

9). പശ്ചാത്തല സൗകര്യത്തിന്റെ അപര്യാപ്തത ഓഫീസ് സംവിധാനത്തിന്റെ കാര്യക്ഷമതയെ ബാധിച്ചിട്ടുണ്ട്. പുതിയ ഓഫീസ് സമുച്ചയ നിർമ്മാണ നടപടിക്രമങ്ങൾ ആരംഭിച്ചിട്ടുണ്ടെങ്കിലും നിർമ്മാണം പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടില്ല. ആയതിനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്.

10). നഗരസഭയുടെ നിലവിലെ ആസ്തികളുടെ സംരക്ഷണം സംബന്ധിച്ച് പരിശോധിച്ചതിൽ ആസ്തികൾ നമ്പറിങ് നടത്തി രജിസ്റ്റർ കാലികമാക്കുന്നില്ല. നിലവിൽ വാങ്ങിയ ആസ്തികളുടെ ഗ്യാരന്റി, വാറന്റി എന്നിവ സംബന്ധിച്ച് മോണിട്ടറിങ് ഇല്ല. എല്ലാ ആസ്തികൾക്കും നമ്പറിങ് നടത്തി രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതാണ്. ഇലക്ട്രിസിറ്റി ചാർജ്ജ് ഇനത്തിൽ വൻ തുക നൽകി വരുന്നുണ്ട്. സംയുക്ത പരിശോധന നടത്തി കൃത്യമായ വിവരത്തിൻെറ അടിസ്ഥാനത്തിൽ ഇലക്ട്രിസിറ്റി ചാർജ്ജ് ക്രമീകരിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

11). നഗരസഭയ്ക്ക് പുതിയ വരുമാനമാർഗ്ഗങ്ങൾ കണ്ടെത്തുന്നതിനും, ഉള്ളവ വർദ്ധിപ്പിക്കുന്നതിനുമുള്ള തീരുമാനങ്ങൾ എടുത്തു നടപ്പിലാക്കുന്നതിന് ധനകാര്യസ്റ്റാന്റിങ് കമ്മറ്റിയുടെ ഭാഗത്ത് നിന്ന് നടപടികൾ സ്വീകരിക്കേണ്ടതാണ്. തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനായി പുതിയ വരുമാന സ്രോതസ്സുകൾ കണ്ടെത്തുന്നതിനും ചുമത്തുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 18.5.2015 | 2012-13മുതൽ<br>2014-15വരെ | 26.07.2016 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 16.1.2020 | 2016-17 മുതൽ<br>2018-19 വരെ | 02.03.2020 |

## 1-11 വാർഷിക ധനകാര്യപത്രിക പരിശോധന സാക്ഷ്യപത്രം പ്രകാരം പരിഹരിക്കുവാൻ അവശേഷിക്കുന്ന അപാകതകൾ

1).2017-18 വർഷത്തെ വാർഷിക ധനകാര്യ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ മുഴുവൻ പരിഹരിച്ചിട്ടില്ല. വാർഷികകണക്കിൽ അടിസ്ഥാന അനുപാതങ്ങൾ, പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങളെകുറിച്ചുള്ള കുറിപ്പുകൾ എന്നിവ ഉൾപ്പെടുത്തിയിട്ടില്ല.

2). വിധവകളുടെ പെൺമക്കളുടെ വിവാഹധനസഹായം ഇനത്തിൽ 6,00,000/- രൂപയും , നെൽകൃഷി ഉൽപാദന ബോണസ്സ് ഇനത്തിൽ 1,50,000/- രൂപയും നഗരസഭ സെക്രട്ടറിയുടെ ട്രഷറി ബിൽ ബുക്ക് പ്രകാരം പിൻവലിച്ച് ചെലവഴിച്ചിട്ടുണ്ട്.എന്നാൽ പ്രസ്തുത ഇനങ്ങൾ വാർഷിക ധനകാര്യപത്രികയിൽ രസീപ്റ്റ് & പേയ്മെന്റ് പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

3).ദുരിതാശ്വാസ നിധിയിനത്തിൽ 14,330 രൂപ ബാങ്ക് (Nileshwar co-op urban bank) ബാലൻസുണ്ട്. എന്നാൽ ഈ തുക ബാലൻഷീറ്റിൽ B-2 ൽ (earmarked fund) ഉൾപ്പെടുത്തിയിട്ടില്ല.

4).ഗ്രാന്റ് ആയി ലഭിച്ചിട്ടുള്ള തുകകളിൽ തൻവർഷം ചെലവഴിച്ച തുകകൾ capital contribution, Revenue contribution എന്നിവയിലേക്ക് മാറ്റിയിട്ടില്ല.

5).ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-4 ൽ 320100100 എന്ന ഹെഡ്ഡിൽ Grant & contribution for specific purposes - എന്നയിനത്തിൽ 1,01,35,034 രൂപ കാണുന്നു. ഈ തുക ഏതിനത്തിൽ, ആരിൽ നിന്നും ലഭിച്ചു എന്നത് സംബന്ധിച്ച് വിവരം ലഭ്യമല്ല. Receipt & payment സ്റ്റേറ്റ്മെന്റ് പ്രകാരം മിസലേനിയസ് രസീറ്റ് ഇനത്തിൽ 6,80,224 രൂപ വരവ് കാണുന്നു. എന്നാൽ ഈ തുക എവിടെ നിന്ന് , എന്ത് ആവശ്യത്തിന് ലഭിച്ചു എന്നത് സംബന്ധിച്ച് യാതൊരു രേഖയും നഗരസഭയിലില്ല.

6).ബി-9- അദർ ലയബിലിറ്റീസ്:- VAT payable, Value Added Tax- Municipal Fund, Refund payable- (service cess, other taxes, grants, others, deposit works) എന്നീ ശീർഷകങ്ങളിൽ രേഖപ്പെടുത്തിയിരുക്കുന്ന തുക കൃത്യമല്ല.

7).ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി- 9 - മറ്റ് ബാധ്യതകളിൽ 350800100 എന്ന ഹെഡ്ഡിൽ സ്റ്റേൽചെക്ക് ബാധ്യത ഇനത്തിൽ 1,95,873 രൂപ കാണുന്നു. ആയതിന്റെ വിശദ വിവരങ്ങൾ ലഭ്യമല്ല.

8).ഡെപ്പോസിറ്റ് രജിസ്റ്റർ പൂർണമല്ല. മുൻവർഷങ്ങളിലെ നീക്കിയിരിപ്പ് ഡെപ്പോസിറ്റുകൾ ക്യാരി ഓവർ ചെയ്തിട്ടില്ല. 2018-19 ൽ രജിസ്റ്റർ ക്ലോസ് ചെയ്തിട്ടില്ല. ആയതിനാൽ ഷെഡ്യൂൾ B-7 പ്രകാരമുള്ള നീക്കിയിരിപ്പ് ഡെപ്പോസിറ്റുകളുടെ വിശദ വിവരങ്ങൾ (ഡെപ്പോസിറ്ററുടെ പേര്, ഉദ്ദേശം, റസീറ്റ് നം, തിയതി) നഗരസഭയിൽ ലഭ്യമല്ല.

9).അഡ്വാൻസ് രജിസ്റ്റർ സംഗ്രഹമെഴുതി സാക്ഷ്യപ്പെടുത്തിയിട്ടില്ല. മുൻവർഷങ്ങളിലെ നീക്കിയിരിപ്പ് അഡ്വാൻസുകൾ ക്യാരി ഓവർ ചെയ്തിട്ടില്ല. 2018-19 ൽ രജിസ്റ്റർ ക്ലോസ് ചെയ്തിട്ടില്ല. ആയതിനാൽ ഷെഡ്യൂൾ B-18പ്രകാരമുള്ള നീക്കിയിരിപ്പ് അഡ്വാൻസുകളുടെ വിശദ വിവരങ്ങൾ (പേര്, ഉദ്ദേശം, റസീറ്റ് നം, തിയതി) നഗരസഭയിൽ ലഭ്യമല്ല. കൂടാതെ 2018-19 വർഷം ഡെപ്പോസിറ്റ് പ്രവത്തികൾക്കായി KSEB, KWA, GWD എന്നീ സ്ഥാപനങ്ങൾക്ക് നൽകിയ 11,96,302 രൂപയുടെ വിവരങ്ങൾ വാർഷിക ധനകാര്യ പത്രികയിലെ B-18 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടില്ല.

10).താഴെ കൊടുത്തിട്ടുള്ള ബാങ്ക് അക്കൗണ്ടുകളുടെ റീ-കൺസിലിയേഷൻ പത്രികകളിൽ ആറ് മാസത്തിലധികം പഴക്കമുള്ള ചെക്കുകൾ ഉൾപ്പെടുത്തിക്കാണുന്നു.

| കോഡ് | ബാങ്ക് | AFS പ്രകാരം തുക | 31.03.2018-ലെ നീക്കിയിരിപ്പ് പാസ്ബുക്ക് പ്രകാരം |
|---|---|---|---|
| 450620100 | KERALA GRAMIN BANK (AUEGS) | 50,29,818 | 54,93,905 |
| 450210100 | SBT OWN FUND | 2,05,91,382 | 2,06,62,470 |

11).സ.ഉ.(എം.എസ്.)152/2011/തസ്വഭവ/26.7.11 പ്രകാരം ഭൂമിയുൾപ്പെടെയുള്ള ആസ്തികൾ അക്കൗണ്ട് ചെയ്ത് ആസ്തി രജിസ്റ്ററിൽ രേഖപ്പെടുത്തി വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുത്തിയിട്ടില്ല. ആസ്തികൾ രേഖപ്പെടുത്തുന്ന സചിത്ര സോഫ്റ്റ് വെയർ സാംഖ്യയുമായി ലിങ്ക് ചെയ്തിട്ടില്ല. അക്രൂവൽ അടിസ്ഥാനത്തിലുള്ള അക്കൗണ്ടിംഗ് രീതിയിലേക്ക് മാറുന്നതിന് മുമ്പുള്ള എല്ലാ ആസ്തി ബാധ്യതകളുടേയും മൂല്യം തിട്ടപ്പെടുത്തി ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല. തൻ വർഷം ആർജ്ജിച്ച ആസ്തികളുടെ മൂല്യം ഉൾപ്പെടുത്തി ആസ്തി റജിസ്റ്റർ കാലികമാക്കിയിട്ടുമില്ല. വാർഷിക കണക്കുകളുമായി താരതമ്യം ചെയ്യാവുന്ന വിധത്തിൽ ആസ്തികളുടെ മൂല്യം ഉൾപ്പെടുത്തി ആസ്തി റജിസ്റ്റർ പരിപാലിച്ചിട്ടില്ല. ബാലൻസ്ഷീറ്റ് (B-11 Schedule) പ്രകാരമുള്ള ആസ്തികളുടെ രേഖപ്പെടുത്തൽ പരിശോധിക്കാനായിട്ടില്ല.

12).സേവന സ്റ്റേറ്റ്മെന്റ് പ്രകാരം വിവിധ സാമൂഹ്യ സുരക്ഷ പെൻഷനുകൾ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല. വ്യത്യാസം വിശദീകരിച്ചിട്ടില്ല. വിശദവിവരം താഴെ കൊടുക്കുന്നു

| ഇനം | സേവന സ്റ്റേറ്റ്മെന്റ്പ്രകാരം | ഹെഡ് | വാർഷിക കണക്ക് പ്രകാരം |
|---|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 95,74,400 | I-6-160100302 | 1,07,59,900 |
| വിധവാപെൻഷൻ | 2,30,05,800 | I-6-160100305 | 2,58,01,600 |
| വാർദ്ധക്യകാലപെൻഷൻ | 2,95,27,100 | I-6-160100311 | 3,41,73,400 |
| വികലാംഗപെൻഷൻ | 66,85,700 | I-6-160100307 | 75,00,600 |
| അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 17,21,800 | I-6-160100306 | 19,45,500 |

13).വസ്തുനികുതി- തൻവർഷം 1,80,45,022 രൂപ അക്രൂവൽ വരുമാനമായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഈപ്രകാരം അക്രൂവൽ വരുമാനം രേഖപ്പെടുത്താൻ ആധാരമാക്കിയ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. വസ്തു നികുതി ഡിമാന്റ് രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല. കുടിശ്ശിക മുന്നിരിപ്പ്, കളക്ഷൻ, നീക്കിയിരിപ്പ് എന്നിവയുടെ കൃത്യ പരിശോധിക്കുനതകുന്ന രേഖകൾ ഇല്ല. കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. സഞ്ചയ യിൽ നിന്ന് കുടിശ്ശികയുടെ ഡി.സി.ബി റിപ്പോർട്ട് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

14).തൊഴിൽ നികുതി, ഡി.&.ഒ ലൈസൻസ് ഫീസ് എന്നീയിനങ്ങളുടെ ഡിമാന്റ് രജിസ്റ്ററുകളുടെ വാർഷിക സംഗ്രഹം തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. സ്ഥാപനങ്ങൾ, വ്യാപാരികൾ, പ്രൊഫഷണലുകൾ എന്നിവരിൽ നിന്നുള്ള തൊഴിൽ

നികുതിയിനത്തിൽ തൻവർഷം 11,81,280 രൂപയുടെ അക്രൂവൽ വരുമാനം രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഏതു രേഖ അടിസ്ഥാനമാക്കിയാണ് അക്രൂവൽ രേഖപ്പെടുത്തിയത് എന്ന് വ്യക്തമല്ല. തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ ക്ലോസ് ചെയ്ത് സംഗ്രഹം രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തിയിട്ടില്ല. കൂടാതെ തൊഴിലാളികളിൽ നിന്നുമുള്ള തൊഴിൽ നികുതിയിനത്തിൽ 28,06,620 രൂപ വരവുണ്ട്. എന്നാൽ തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ ക്ലോസ് ചെയ്ത് സംഗ്രഹം രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തിയിട്ടില്ലാത്തതിനാൽ ഇതിന്റെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

15).പിരിഞ്ഞുകിട്ടാൻ അവശേഷിക്കുന്ന തുകകളിൽ ലഭ്യത സംശയാസ്പദമായവയ്ക്ക് അക്കൗണ്ട്സ് ചട്ടങ്ങൾ നിഷ്കർഷിക്കും പ്രകാരമുള്ള പ്രൊവിഷൻ നൽകിയിട്ടില്ല.

## 1-12 വാടകപിരിവ് - അപാകതകൾ

2018-19 വർഷത്തെ വാടക രജിസ്റ്റർ പരിശോധിച്ചതിൽ നഗരസഭ കെട്ടിടങ്ങളുടെ വാടകയിനത്തിൽ കുടിശ്ശിക ഉള്ളതായി കണ്ടെത്തിയിട്ടുണ്ട്. 2018-19 വർഷത്തെ ആകെ ഡിമാന്റ് 11,84,948/-രൂപയും വരവ് 8,95,860/- രൂപയുമാണ്. കുടിശ്ശിക 2,89,088/- രൂപ. ഇതിൽ 2019-20 ൽ 1,73,695/- രൂപ പിരിച്ചിട്ടുണ്ട്. ബാക്കി വന്ന 1,15,393/- രൂപയിൽ 89,768/- രൂപ 2020-21 വർഷം ആദ്യപാദത്തിൽ പിരിച്ചെടുത്തിട്ടുള്ളതായി ഓഡിറ്റ് എൻക്വയറിക്കുള്ള (ഓഡിറ്റ് എൻക്വയറി നം.19/18-19 തീയതി :27.11.2020) മറുപടിയിൽ സെക്രട്ടറി വിശദീകരിച്ചിട്ടുണ്ട്. 2018-19 വർഷത്തെ ഇനിയും കുടിശ്ശികയുള്ള 25,625/-രൂപ III/384 നമ്പർ കെട്ടിടമുറിയുടെ ലൈസൻസിയായ ശ്രീ.വി.എസ്.സുഭാഷ്, S/o.ശിവൻകുട്ടി, കരുവാച്ചേരിഎന്നവരിൽ നിന്നും പിരിച്ചെടുക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-13 രശീതി പരിശോധന - പുറംവാതിൽ കളക്ഷൻ നഗരസഭയിൽ ഒടുക്കുന്നതിൽ കാലതാമസം

നീലേശ്വരം നഗരസഭയുടെ 01.04.2018 മിതൽ 31.03.2020 വരെയുള്ള പുറംവാതിൽ കളക്ഷൻ രശീതികളും കളക്ഷൻ രജിസ്റ്ററുകളും പരിശോധിച്ചപ്പോൾ കളക്ഷൻ തുക നഗരസഭ ഫണ്ടിൽ ഒടുക്കുന്നതിൽ കാലതാമസം വന്നതായി കണ്ടെത്തി. കേരള ഫിനാൻഷ്യൽ കോഡ് ആർട്ടിക്കിൾ 7(2) പ്രകാരം ദിവസേനയുള്ള കളക്ഷൻ തൊട്ടടുത്ത പ്രവൃത്തി ദിവസം തന്നെ ഒടുക്കേണ്ടതാണ്. കളക്ഷൻ തുക ഒടുക്കുന്നതിൽ കാലതാമസം വരുത്തുന്നത് ബന്ധപ്പെട്ടവരുടെ ഭാഗത്തു നിന്നുള്ള ഗുരുതരമായ വീഴ്ചയാണ്. ഭാവിയിൽ ഇത്തരം തെറ്റുകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-14 നഗരസഭ പരിധിയിലെ പുറമ്പോക്ക് ഭൂമികൾ സംബന്ധിച്ച വിവരങ്ങൾ ലഭ്യമല്ല.

1994 ലെ കേരള മുനിസിപ്പൽ നിയമം വകുപ്പ് 208(എ) പ്രകാരം ഈ നിയമം പ്രാബല്യത്തിൽ വരുന്ന സമയത്ത് നിലവിലുള്ളതോ അതിനു ശേഷം ഉണ്ടാക്കുകയോ ഏർപ്പെടുത്തുകയോ, പണിയുകയോ ചെയ്തിട്ടുള്ളതോ ആയതോ, അവ നഗരസഭയുടെ ചെലവിൽ ഉണ്ടാക്കുകയോ പണിയുകയോ ചെയ്തിട്ടുള്ളവ ആയിരുന്നാലുമല്ലെങ്കിലും, പൊതുജനങ്ങളുടെ ഉപയോഗത്തിന് ഒരു ചിരാനുഭവാവകാശം നൽകത്തക്ക വിധത്തിൽ പൊതുജനങ്ങൾ ഉപയോഗിച്ചുകൊണ്ടിരുന്നവ ഉൾപ്പടെ ഉള്ള, എല്ലാ പൊതുജലമാർഗ്ഗങ്ങളും, സ്റ്റാന്റ് പൈപ്പുകളും മറ്റു ജലസംഭരണികളും അവയോടു ചേർന്ന് കിടക്കുന്ന സ്വകാര്യ വസ്തുവല്ലാത്ത തൊട്ടടുത്തുള്ള ഏതെങ്കിലും ഭൂമിയും നഗരസഭയിലേക്ക് കൈമാറ്റം ചെയ്ത് പരിപൂർണ്ണമായും അതിൽ നിക്ഷിപ്തമായിരിക്കുന്നതാണ്. എന്നാൽ നഗരസഭയുടെ പരിധിയിൽ വിവിധ ഭാഗങ്ങളിലായി ഏതൊക്കെ സർവ്വേ നമ്പറുകളിൽ എത്ര അളവിൽ പുറമ്പോക്ക് ഭൂമിയുണ്ടെന്നുള്ള വിവരം, പുറമ്പോക്ക് ഭൂമികളിൽ സ്വകാര്യ വ്യക്തികൾ നടത്തിയ കൈയ്യേറ്റങ്ങൾ, കണ്ടെത്തുന്നതിനും ഏറ്റെടുക്കുന്നതിനും സ്വീകരിച്ച നടപടികൾ എന്നിവ ലഭ്യമല്ല. കേരള മുനിസിപ്പൽ നിയമം വകുപ്പ് 530(എ) പ്രകാരം സെക്രട്ടറിക്ക് ചെയർമാന്റെ അനുവാദത്തോടു കൂടി ലിഖിതമായ ഒരുത്തരവ് മൂലം ഒരു വില്ലേജിനെ സംബന്ധിച്ചോ അതിന്റെ ഏതെങ്കിലും ഭാഗത്തെ സംബന്ധിച്ചോ, വസ്തുവിനെ സംബന്ധിച്ചോയുള്ള വിവരം നൽകാൻ ബന്ധപ്പെട്ട വില്ലേജ് ഓഫീസറോട് ആവശ്യപ്പെടാവുന്നതും അങ്ങിനെയുള്ള ഏതൊരു ഉത്തരവും വില്ലേജ് ഓഫീസർ പാലിക്കേണ്ടതുമാണ്. എന്നാൽ പുറമ്പോക്ക സംമ്പന്ധിച്ച യാതൊരു രേഖയും നഗരസഭയിൽ ലഭ്യമല്ല. ആയതിനാൽ നഗരസഭയിൽ നിക്ഷിപ്തമായ പുറമ്പോക്ക് ഭൂമി എത്രയുണ്ടെന്ന് റവന്യൂ/സർവ്വേ വകുപ്പിന്റെ സഹായത്തോടെ കണ്ടെത്തി കയ്യേറ്റങ്ങളുണ്ടെങ്കിൽ ഒഴിപ്പിച്ച്, സംരക്ഷിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതും, ആസ്തി രജിസ്റ്ററിൽ രേഖപ്പെടുത്തി പരിശോധനക്കായി ലഭ്യമാക്കേണ്ടതുമാണ്. കൂടാതെ ഇക്കാര്യത്തിലുള്ള പുരോഗതി ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്. മേൽ വിഷയത്തിലേക്ക് കൗൺസിലിന്റെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 1-15 ഡി & ഒ ലൈസൻസ് - അപാകതകൾ

ഡി & ഒ ലൈസൻസ് പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ താഴെക്കൊടുക്കുന്നു.

01.02.2011 ലെ അസാധാരണ ഗസറ്റ് വിജ്ഞാപനത്തിന്റെ അടിസ്ഥാനത്തിൽ നീലേശ്വരം നഗരസഭയിൽ ഈടാക്കാവുന്ന ഫീസ് സംബന്ധിച്ച ധനകാര്യ സ്റ്റാന്റിങ് കമ്മിറ്റിയുടെ ശുപാർശ പ്രകാരം നഗരസഭാ പ്രദേശത്തെ ലൈസൻസ് ഫീസ് നിർണ്ണയിക്കുന്നതിനായി എ,ബി,സി എന്നീ മേഖലകളായി തിരിച്ചിട്ടുണ്ട്. ആയത് പ്രകാരം ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിരിക്കുന്ന

താഴെകൊടുത്തിരിക്കുന്ന തരത്തിലുള്ള കച്ചവട സ്ഥാപനങ്ങൾ ഡി & ഒ ലൈസൻസ് ഇല്ലാതെ കച്ചവടത്തിൽ ഏർപ്പെട്ടിരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

| ഷെഡ്യൂൾ പ്രകാരം ക്രമ നം. | കച്ചവടത്തിന്റെ ഇനം | കുറിപ്പ് |
|---|---|---|
| പട്ടിക I ക്രമ നം.154 | സ്പിരിട്ട്- ടോഡി ,വിദേശ മദ്യം- ഏതെങ്കിലും പ്രക്രിയ ഉപയോഗിച്ച് സംഭരിക്കുകയോ,പായ്ക്ക് ചെയ്യുകയോ,പ്രസ്സ് ചെയ്യുകയോ, വൃത്തിയാക്കുകയോ , നിർമ്മിക്കുകയോ, വിൽപ്പന നടത്തുകയോ ചെയ്യുക | നഗര സഭാ പരിധിയിലെ കള്ളുഷാപ്പുകൾ ഡി & ഒ ലൈസൻസ് ഇല്ലാതെയാണ് പ്രവർത്തിക്കുന്നത് എന്ന് ബോധ്യപ്പെട്ടിട്ടുണ്ട്. |
| പട്ടിക II ക്രമ നം. 23 | മത്സ്യ വിൽപ്പനക്കാർ | |
| പട്ടിക I ക്രമ നം. 60 | മത്സ്യം-ഏതെങ്കിലും പ്രക്രിയ ഉപയോഗിച്ച് സംഭരിക്കുകയോ,പായ്ക്ക് ചെയ്യുകയോ,പ്രസ്സ്ചെയ്യുകയോ,വൃത്തിയാക്കുകയോ,തയ്യാറാക്കുകയോ,നിർമ്മിക്കുകയോ,വിൽപ്പന നടത്തുകയോ ചെയ്യുക | |
| പട്ടിക II ക്രമ നം. 35 | ഹോസ്റ്റലുകൾ നടത്തുക | |
| പട്ടിക II ക്രമ നം. 54 | റേഷൻ ഡിപ്പോ, മാവേലി സ്റ്റോർ, കൺസ്യൂമർ സ്റ്റോർ | |

ഡി & ഒ ലൈസൻസ് ഇല്ലാതെ കച്ചവടത്തിൽ ഏർപ്പെട്ടിരിക്കുന്ന മേൽ വിഭാഗത്തിൽപെടുന്ന കച്ചവടസ്ഥാപനങ്ങൾക്കെതിരെ നിയമ നടപടികൾ സ്വീകരികരിച്ച് വിശദാംശങ്ങൾ ഓഡിറ്റ് പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം.08 തീയ്യതി.24-11-2020)

## 1-16 ഡി ആന്റ് ഒ ലൈസൻസ് പുതുക്കലും ഫീസ് പിരിവും- അപാകതകൾ

സ്വയംഭരണ അധികാരമുള്ള നഗരസഭയുടെ ഏതെങ്കിലുമൊരു സ്ഥലം മനുഷ്യന്റെ ജീവനോ സ്വത്തിനോ ആരോഗ്യത്തിനോ അപകടകരമാകാനിടയുള്ള കാര്യങ്ങൾക്ക് ഉപയോഗിക്കുകയാണെങ്കിൽ സെക്രട്ടറി നൽകുന്ന ലൈസൻസ് കൂടാതെ പ്രവർത്തിക്കാൻ പാടില്ലാത്തതാകുന്നു. സാമ്പത്തിക വർഷം ആരംഭിക്കുന്നതിന് 30 ദിവസം മുമ്പ് ലൈസൻസ് പുതുക്കേണ്ടതും പുതുതായി ആരംഭിക്കുന്നവയുടെ കാര്യത്തിൽ തുടങ്ങുന്നതിന് 30 ദിവസം മുമ്പും ലൈസൻസിന് അപേക്ഷിക്കേണ്ടതുണ്ട്. പ്രവർത്തിക്കാനാവശ്യമായ ലൈസൻസ് നിശ്ചിത ഫീസീടാക്കിയാണ് (പട്ടിക II, III & IV) നഗരസഭ നൽകേണ്ടത്.

2018-19 സാമ്പത്തിക വർഷത്തെ ലൈസൻസ് സംബന്ധിച്ച സംക്ഷിപ്തം.

| 2018-19 സാമ്പത്തികവർഷം ലൈസൻസ്എടുത്തവർ | പുതിയതായി അപേക്ഷിച്ചവർ | പുതുക്കുന്നതിന വേണ്ടി അപേക്ഷിച്ചവർ | | |
|---|---|---|---|---|
| | | നിശ്ചിത സമയത്തിനുള്ളിൽ പുതുക്കിയവർ | ചട്ടപ്രകാരമുള്ള സമയം പാലിക്കാതെ വൈകിപുതുക്കിയവർ | പുതുക്കാത്ത അപേക്ഷകർ |
| 1442 | 160 | 1160 | 120 | 2 |

നഗരസഭ പരിധിയിലുള്ള 32 അസസ്മെന്റ് വാർഡുകളിലെ കച്ചവട സ്ഥാപനങ്ങളിൽ ലൈസൻസ് എടുത്തവരുടെ എണ്ണം വളരെ കുറവാണ്. നഗരസഭാ പരിധിയിലുള്ള എല്ലാ കച്ചവട സ്ഥാപനങ്ങളും ലൈസൻസ് എടുത്തിട്ടുണ്ടെന്ന് ഉറപ്പ് വരുത്തുന്നതിന് വേണ്ടി നികുതിക്ക് വിധേയരായവരുടെ ലിസ്റ്റ് കെട്ടിട/ഭൂമിയുടെ ഉടമസ്ഥനോട് ആവശ്യപ്പെടാവുന്നതും ആയത് ഉറപ്പ് വരുത്തേണ്ടതുമാണ്. എന്നാൽ 2018-19 ൽ ലൈസൻസ് പുതുക്കുന്നതിന വേണ്ടി ലഭിച്ച അപേക്ഷകളിൽ 120 എണ്ണം നിശ്ചിത സമയത്തിന ശേഷമാണ് പുതുക്കിയിട്ടുള്ളത്, കൂടാതെ 2 കച്ചവട സ്ഥാപനങ്ങൾ ലൈസൻസ് പുതുക്കിയിട്ടുമില്ല. ലൈസൻസ് പുതുക്കാത്തതിന്റെ കാരണം വ്യക്തമല്ല. മാത്രവുമല്ല നഗരസഭാ പരിധിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ വിവരങ്ങൾ അടങ്ങിയ ഒരു ട്രേഡേഴ്സ് രജിസ്റ്റർ സെക്ഷൻ സൂക്ഷിക്കാത്തതിനാൽ നഗരസഭാ പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീസ് ഈടാക്കിയിട്ടുണ്ടോ എന്നത് ഫലപ്രദമായി പരിശോധിക്കാൻ സാധിച്ചില്ല. അപേക്ഷ സമർപ്പിക്കുന്ന സ്ഥാപനങ്ങൾക്കു മാത്രം ലൈസൻസ് പുതുക്കി നൽകുക എന്ന രീതിയാണ് അവലംബിച്ചിരിക്കുന്നത്. ഇത് മൂലം സാമ്പത്തിക വർഷം ആരംഭിക്കുന്നതിന്റെ ഒരു മാസം മുന്നേ ലഭിക്കേണ്ട അപേക്ഷകൾ ലഭിക്കാതിരിക്കുകയും ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന സാഹചര്യം ഉണ്ടാവുകയും ചെയ്യുന്നു. ഇതു തിരിച്ചറിയപ്പെടാതെ പോകുന്നതുമൂലം അനുമതി ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിപ്പിക്കുന്ന സാഹചര്യം ഉടലെടുക്കുകയും നിയമപ്രകാരമല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്ന സാഹചര്യം ഉണ്ടാവുന്നതിന കാരണമാകുകയും ചെയ്യുന്നു.

<u>അപേക്ഷകളിലെ അന്വേഷണവും തുടർ നടപടികളും</u>

സ്ഥാപനത്തെ പറ്റിയുള്ള പൂർണ്ണ വിവരങ്ങൾ രേഖപ്പെടുത്താത്ത അപേക്ഷകൾ സൂക്ഷ്മ പരിശോധന കൂടാതെ സ്വീകരിക്കരുത്. അപേക്ഷയിൽ അപേക്ഷ നല്കുന്ന തീയതി, ലൈസൻസ് എന്താവശ്യത്തിനാണ് എന്നത്, തുടങ്ങുവാനുദ്ദേശിക്കുന്ന സ്ഥാപനത്തിന് പ്രത്യേക പേര് ഉണ്ടെങ്കിൽ അത്, ലൈസൻസ് പുതുക്കുവാനാണെങ്കിൽ മുൻവർഷത്തെ ലൈസൻസ് നമ്പരും പേരും, കൂടാതെ ഒരു ദിവസത്തെ വിറ്റുവരവും, യന്ത്രമുപയോഗിച്ചാണങ്കിൽ കുതിരശക്തിയുടെ അളവും രേഖപ്പെടുത്തി സമർപ്പിച്ച അപേക്ഷയാണ് സ്വീകരിക്കേണ്ടത്.

<u>സാനിറ്ററി ഫിറ്റ്നസ് സർട്ടിഫിക്കറ്റിന്റെ ലഭ്യത ഉറപ്പാക്കേണ്ടതാണ്.</u>

നഗരസഭാ പരിധിക്കുള്ളിൽ വരുന്ന സ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകുമ്പോൾ മെഡിക്കൽ ഓഫീസർ നൽകുന്ന സാനിട്ടറി ഫിറ്റ്നസ്സ് സർട്ടിഫിക്കറ്റ് ലഭ്യമാക്കേണ്ടതാണ്. ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടറുടെ അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സാനിട്ടറി ഫിറ്റ്നസ്സ് സർട്ടിഫിക്കറ്റ് നൽകുമ്പോൾ ആയത് ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ തന്റെ പേഴ്സണൽ രജിസ്റ്ററിൽ സൂക്ഷിക്കേണ്ടതുണ്ട് (66562/RC3/12/തസ്വഭവ തിയ്യതി 10.01.2013).

പുതുക്കി നൽകുമ്പോൾ ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥർ സ്ഥലപരിശോധന നടത്തേണ്ടതും അന്വേഷണ റിപ്പോർട്ട് സെക്രട്ടറി സാക്ഷ്യപ്പെടുത്തേണ്ടതുമാണ്. സ്ഥല പരിശോധന നടത്താതെ ലൈസൻസ് പുതുക്കി കൊടുക്കുമ്പോൾ വിറ്റുവരവ് വർദ്ധിച്ചിട്ടുണ്ടോ എന്നും അതു പോലെ അനധികൃതമായി ഒന്നും വിൽപന നടത്തുന്നില്ലാ എന്നും, അപേക്ഷയിൽ പറഞ്ഞ കാര്യങ്ങൾ ശരിയാണന്ന് ഉറപ്പുവരുത്താൻ സാധിക്കുന്നു. സ്ഥലപരിശോധന നടത്തുന്നതിലൂടെ നഗരസഭയുടെ ഇടപെടൽ ഈ രംഗത്ത് ഉണ്ടെന്ന് ഉറപ്പു വരുത്താനും ലൈസൻസ് വിതരണം കാര്യക്ഷമമാക്കുന്നതിനും സാധിക്കുന്നു.ഫെബ്രുവരി മാസത്തിലെ അവസാന പ്രവർത്തന ദിവസം മുൻവർഷം ലൈസൻസ് എടുത്തവർ എല്ലാം പുതുക്കിയിട്ടുണ്ടെന്ന് സെക്ഷൻ ഉറപ്പു വരുത്തേണ്ടതാണ്. പുതുക്കാതെ പ്രവർത്തിക്കുന്നവരുടെ വിവരങ്ങൾ ട്രേഡേഴ്സ് രജിസ്റ്റർ പരിശോധിച്ച് കണ്ടെത്തി നോട്ടീസ് നൽകേണ്ടതാണ്. ലൈസൻസ് പുതുക്കാത്തവരിൽ നിന്നും നിയമാനുസൃത പിഴ ഈടാക്കേണ്ടതാണ്.ലൈസൻസ് വിതരണം കാര്യക്ഷമമാക്കുന്നതിന വേണ്ടി അടിയന്തിരമായി നടപടികൾ സ്വീകരിക്കേണ്ടതാണ് (ഓഡിറ്റ് എൻക്വയറി നം.14 തീയ്യതി.25-11-2020)

## 1-17 നഗരസഭാ -മണൽ വിഹിതം

സർക്കാർ ഉത്തരവ്(കൈ) നമ്പർ 02/2017 മ.ഉ.വ 09-12-2017 തീയ്യതിയിലെ സൂചന ഉത്തരവിന്റെ അടിസ്ഥാനത്തിൽ തുറമുഖ പരിധിയിലുള്ള അഴിമുഖങ്ങളിലും ചാനൽ ബേസിനിലും അടിഞ്ഞുകൂടിയ മണൽത്തിട്ടകൾ പഞ്ചായത്ത്/മുൻസിപ്പാലിറ്റി മുഖേന മാന്വൽ ഡ്രഡ്ജിംഗ് നടത്തി നീക്കം ചെയ്ത് വരുന്നതിന് പെർമിറ്റ് അനുവദിച്ച് വരുന്നു.നീലേശ്വരം നഗരസഭയുടെ ഉടമസ്ഥതയിലുള്ള മാട്ടുമ്മൽ കടവിൽ നിന്നും 01-06-2018 മുതൽ 31-03-2019 വരെ 3,244 ടൺ മണൽ വിൽപ്പന നടത്തിയതിന്റെ നഗരസഭാ വിഹിതമായി കാസർഗോഡ് പോർട്ട് കൺസർവേറ്റർ നഗരസഭ അക്കൗണ്ടിലേക്ക് 3,24,400 രൂപ (അക്കൗണ്ട് നം.67183963293) ക്രെഡിറ്റ് ചെയ്തിട്ടുണ്ട്. എന്നാൽ നഗരസഭയുടെ 2018-19 വർഷത്തെ വാർഷിക ധനകാര്യ പത്രിക പ്രകാരം 2,96,700/-രൂപയാണ് വരവ് വന്നിട്ടുള്ളത്. വ്യത്യാസം 27,700/-രൂപയാണ്.

2018-19 വർഷത്തിൽ നഗരസഭയുടെ ഉടമസ്ഥതയിലുള്ള മാട്ടുമ്മൽ കടവിൽ നിന്നും മണൽ വിൽപ്പന നടത്തിയതിന്റെ വിശദവിവരം ചുവടെകൊടുക്കുന്നു.

| ക്രമ നം | മണൽ വാരിയ തീയ്യതികൾ | മണൽ ടൺ കണക്കിൽ | നഗരസഭാ വിഹിതം തുക |
|---|---|---|---|
| 1 | 07-06-2018 മുതൽ 30-06-2018 വരെ | 230 | 23,000 |
| 2 | 02-07 -2018 മുതൽ 19-07 -2018 വരെ | 213 | 21,300 |
| 3 | 24-07-2018 മുതൽ 31-07 -2018 വരെ | 182 | 18,200 |
| 4 | 01-08 -2018 മുതൽ 10-08 -2018 വരെ | 90 | 9,000 |
| 5 | 13-08-2018 മുതൽ 31-08 -2018 വരെ | 144 | 14,400 |
| 6 | 01-09-2018 മുതൽ 06-09-2018 വരെ | 107 | 10,700 |
| 7 | 11-09 -2018 മുതൽ 19-09 -2018 വരെ | 181 | 18,100 |
| 8 | 22-09- 2018 മുതൽ 29-09 -2018 വരെ | 213 | 21,300 |
| 9 | 01-10-2018 മുതൽ 10-10 -2018 വരെ | 135 | 13,500 |
| 10 | 11-10-2018 മുതൽ 17-10 -2018 വരെ | 125 | 12,500 |
| 11 | 22-10-2018 മുതൽ 31-10-2018 വരെ | 230 | 23,000 |
| 12 | 01-11 -2018 മുതൽ 20-11 -2018 വരെ | 235 | 23,500 |
| 13 | 21-11 -2018 മുതൽ 30-11 -2018 വരെ | 181 | 18,100 |
| 14 | 03-12-2018 മുതൽ 20-12 -2018 വരെ | 199 | 19,900 |
| 15 | 21-12 -2018 മുതൽ 31-12-2018 വരെ | 86 | 8,600 |
| 16 | 01-01-2019 മുതൽ 15-01 -20189വരെ | 74 | 7,400 |
| 17 | 16-01 -2019 മുതൽ 31-01 -2019 വരെ | 191 | 19,100 |
| 18 | 01-02 -2019 മുതൽ 20-01 -2019 വരെ | 127 | 12,700 |
| 19 | 23-02-2019 മുതൽ 22-02 -2019 വരെ | 81 | 8,100 |
| 20 | 07-03 -2019 മുതൽ 18-03 -2019 വരെ | 142 | 14,200 |
| 21 | 21-03 -2019 മുതൽ 29-03 | 78 | 7,800 |

| | | | |
|---|---|---|---|
| | -2019 വരെ | | |
| ആകെ | | 3,244 | 3,24,400 |

മേൽകണക്കുകൾ പ്രകാരം 3,244 ടൺ മണൽ വിൽപ്പന നടത്തിയതിന്റെ നഗരസഭാ വിഹിതമായി 3,24,400/-രൂപയാണ് വരവ്. എന്നാൽ വാർഷിക ധനകാര്യ പത്രിക പ്രകാരം 2,96,700/-രൂപയാണ് വരവ് വന്നിട്ടുള്ളത്. ധനകാര്യ പത്രികയിൽ വന്നിട്ടുള്ള 27,700/-രൂപ വ്യത്യാസം ആവശ്യമായ ക്രമീകരണം നടത്തി വിശദീകരണം ലഭ്യമാക്കേണ്ടതാണ്.(ഓഡിറ്റ് എൻക്വയറി നം.10തീയ്യതി 24-11-2020)

## 1-18 വസ്തു നികുതി വൻ കുടിശ്ശിക.

31.03.2019 ലെ ബാലൻസ് ഷീറ്റ് പ്രകാരം വസ്തു നികുതി തൻ വർഷ പിരിവിൽ 32,73,583/- രൂപ ബാക്കിയുണ്ട്. കൂടാതെ കുടിശ്ശികയിൽ 46,74,049.79/- രൂപയും പിരിച്ചെടുക്കാൻ ബാക്കിയുണ്ട്. 2018-19 വർഷത്തെ വസ്തുനികുതി വരുമാനം 1,16,27,656/- രൂപയാണെങ്കിലും 66,02,568/- രൂപ മാത്രമാണ് തൻവർഷ പിരിവ്. (പിരിവ് ശതമാനം-66.85%).വസ്തു നികുതി പരിഷ്കരണം നഗരസഭയിൽ പൂർത്തിയായിട്ടുണ്ട്. സഹായക സോഫ്റ്റ് വെയറുകളായ സാംഖ്യ, സഞ്ചയ എന്നിവ ഇന്റഗ്രേറ്റ് ചെയ്ത് സുസജ്ജമായി പ്രവർത്തിക്കുന്നുണ്ട്. നിലവിൽ എല്ലാ തസ്തികകളിലും ജീവനക്കാരുണ്ട്. ഈ സാഹചര്യത്തിൽ വസ്തു നികുതിയിനത്തിലെ കുടിശ്ശിക അടിയന്തിരമായി പിരിച്ചെടുക്കാനുള്ള ഊർജിത നടപടികൾ കൈക്കൊള്ളേണ്ടതാണ്.

<u>വസ്തു നികുതി കുടിശ്ശിക പിരിച്ചെടുത്തിട്ടില്ല</u>

നഗരസഭാ പരിധിയിൽ വരുന്ന താഴെ കൊടുത്തിട്ടുള്ള കെട്ടിടങ്ങളുടെ വസ്തു നികുതി കുടിശ്ശിക ഈടാക്കിയിട്ടില്ല. 5,000/- രൂപയിലധികം വസ്തുനികുതി കുടിശ്ശിക വരുത്തിയ കെട്ടിട ഉടമകളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| കെട്ടിട നം | സബ്ബ് നം | ഉടമസ്ഥന്റെ പേര് | നിശ്ചയിച്ച വസ്തു നികുതി | നിശ്ചയിച്ച ലൈബ്രറി സെസ്സ് | നിശ്ചയിച്ച സർവ്വീസ് ചാർജ്ജ് | 2018-19വരെ കുടിശികയായ തുക |
|---|---|---|---|---|---|---|
| 1 | UAC | A Krishnan Nair(.,Padinhattam Kozhuval,9447520389(Mobile)) | 1827 | 92 | 165 | 14093 |
| 615 | A | T V Pathmavathi(Nileshwar) | 1050 | 53 | 95 | 14340 |
| 1042 | UA | MAYINKADAVATH ABOOBACKER() | 15786 | 790 | 1421 | 78880 |
| 1039 | UA | MAYIN KADATH ABOOBACKER() | 19938 | 997 | 1795 | 107712 |
| 1040 | UA | Mayinkadavath Aboobcker() | 26436 | 1322 | 2380 | 142884 |
| 886 | UAC | Aakhila Ahammed() | 30905 | 1546 | 2782 | 148039 |
| 875 | A/UAC | Naseera Ahammed() | 31635 | 1582 | 2848 | 148630 |
| 1048 | B(UA) | MAYINKADAVATH ABOOBACKER() | 36078 | 1804 | 3248 | 198785 |
| 886 | A(UAC) | Dr. K P Ahammed(),Nazeera Ahammed(),Aakhila Ahammed(),Noura Ahammed() | 40891 | 2045 | 3681 | 200083 |
| 745 | A(UA) | Babu B Nair(.,Prabha Tower First Floor,Mu Road Cochin682035) | 28350 | 1418 | 2552 | 222601 |
| 318 | | Secretary Cherapuram Brothers Airts Club() | 3260 | 163 | 294 | 14850 |
| 180 | A | K Anandan(S N Nivas,Nileshwaram) | 1533 | 77 | 138 | 6992 |
| 641 | UA | SUB REGISTAR(NILESHWAR,CHIRAPPURAM,Nileshwar P.O.,671314) | 27360 | 1368 | 2463 | 151098 |
| 75 | B | Valiya Veettil Ravindran(Nileshwar) | 2565 | 129 | 231 | 13854 |
| 57 | A | Kadankott Harigovindan(PERIYANAM VEEDU,NILESHWAR) | 3656 | 183 | 330 | 9275 |
| 412 | A | Chief Sevak Chinmaya Mission Educational Cultural Trest() | 16830 | 842 | 1515 | 172502 |
| 412 | | Secretary Chinmaya Mision Nileshwar() | 50 | 3 | 5 | 53389 |
| 240 | A | Registrar, Kannur University(Kannur) | 11171 | 559 | 1006 | 95242 |
| 314 | A | P V Santappan(PUTHANPURAYIL,PUNNAKKUNNU) | 13253 | 663 | 1193 | 30218 |
| 241 | A | Registrar Kannur University() | 4991 | 250 | 450 | 30049 |
| 338 | B | H Gajanan Kammath(.,Kanhagad,9447190212(Mobile)),H Gayathri Kammath(.,Housdurg,Kanhangad) | 4356 | 218 | 393 | 15293 |
| 394 | B | Pazhaya Pattillath Moideen(U P Manzil,Kadappuram) | 3200 | 160 | 288 | 14592 |
| 245 | | P Narayanan(Puthariyadukkam) | 1800 | 90 | 162 | 8208 |
| 310 | A | Mooliyil Ajayan(9447146468(Mobile)) | 3416 | 171 | 308 | 7790 |
| 85 | | K Kathim(Kuthirummal House,Puthariadukkam P.O.,671314) | 5571 | 279 | 502 | 24510 |
| 188 | A | Jils Joseph Mundathanath(.,.),Timsy Thomas(.,.) | 1500 | 75 | 135 | 5580 |
| 308 | A | P Shani(Nileshwar) | 1913 | 96 | 173 | 11139 |
| 166 | A | K Balakrishnan ( Shekar Talkies)() | 1500 | 75 | 135 | 9592 |

| | | | | | | |
|---|---|---|---|---|---|---|
| 27 | | K P NARAYANAN() | 1440 | 72 | 130 | 6568 |
| 160 | a | E J John() | 2274 | 114 | 205 | 5691 |
| 74 | A | Presidant Indian National Congress Vi&vii Ward Committee() | 1890 | 95 | 171 | 6936 |
| 1 | D | K Krishnakumar(Nileshwar) | 1800 | 90 | 162 | 6696 |
| 132 | | Cherammal Abdul Razaque(Kammadam House,9744722786(Mobile)) | 4690 | 235 | 423 | 17452 |
| 182 | A | Indus Towers Ltd(Pallikkara) | 14020 | 701 | 1262 | 63932 |
| 253 | C | Secretary Vandana Arts & Sports Club Kariyankode() | 1440 | 72 | 130 | 6715 |
| 150 | | Secretary & President Brothers Arts & Sports Club(Nileshwar) | 1440 | 72 | 130 | 6498 |
| 77 | B | Father Vikar St Peters Church() | 27568 | 1379 | 2482 | 22858 |
| 77 | A | Fa: Roy Joseph(Nileshwar) | 9523 | 477 | 858 | 9709 |
| 84 | a1 | Poyakkara Abdul Nizar(Poyakara,neeleswaram) | 1109 | 56 | 100 | 7590 |
| 457 | B | M Raghavan(Pallikkara) | 1140 | 57 | 103 | 6396 |
| 458 | A6 | PATHUNHI ALIAS BEEFATHIMA(),K P SAKEENA(),K P SULFIKAR(),K P SAJITHA(),K P SHAHANAS() | 3990 | 200 | 360 | 18200 |
| 459 | A | President Juma Masjid() | 1946 | 98 | 176 | 18078 |
| 462 | h | Pathoonhi Alias Beefathima(),Sulfikkar(),Sakkeena(),Sajitha(),Shahanas() | 2760 | 138 | 249 | 16364 |
| 453 | | B Siddique(Nileshwar) | 3375 | 169 | 304 | 12557 |
| 445 | | Siddique B(Nileshwar) | 2790 | 140 | 252 | 10384 |
| 274 | A | Secretary, Janakshema Samithi(Nileshwar) | 10046 | 503 | 905 | 63755 |
| 146 | D(UAC) | VINOD.A.K(Karyamkode,Chathamath,Nileshwar P.O.,671314,9447217672(Mobile)) | 3009 | 151 | 271 | 24017 |
| 146 | A | Secretary Communist Party Of India (marxist)() | 3312 | 166 | 299 | 16638 |
| 369 | A1 | Narayani K V(.,.),Ramadas K V(.,.),Radhika K V(.,.),Rajitha K V(.,.) | 1267 | 64 | 115 | 9507 |
| 369 | A | Mangalot Kunhiraman(Nileshwar) | 1013 | 51 | 92 | 7816 |
| 271 | A | Kallayi Manzoor(.,Padenakad),Afsath K(Ozhinhavalapp,.) | 6859 | 343 | 618 | 25518 |
| 158 | A | Kabeer K(.,Karuvachery,Nileshwar P.O.,671314),Hannath Beevi(.,Karuvachery,Nileshwar P.O.,671314,9495844422(Mobile)) | 3585 | 180 | 323 | 10356 |
| 271 | D | KALLAYI MANZOOR(.,PADANNAKAD),AFSATH K(.,OZHINHAVALAPU) | 2143 | 108 | 193 | 9776 |
| 271 | C | 1,Kallyi Mansoor. 2,Afsath.k(Nileshwar) | 1744 | 88 | 157 | 6491 |
| 174 | A | Riswana A(Nileshwaram) | 3500 | 175 | 315 | 10080 |
| 82 | A | Secretary C P I(m) Koyamburam Branch() | 1848 | 93 | 167 | 8422 |
| 1 | UA | SHIBU T(.,ORCHA,KOTTAPURAM) | 1443 | 73 | 130 | 5760 |
| 209 | A | Manager Idea Mobile Communication Pvt Ltd(Kannur) | 2335 | 117 | 211 | 27662 |
| 1 | UA | M DAMODARAN(.,ORCHA,KOTTAPURAM) | 2709 | 136 | 244 | 10811 |
| 209 | B | Manager Idea Mobile Comunication Pvt Ltd(Kannur) | 2100 | 105 | 189 | 9756 |
| 4 | UA | K NANDAKUMAR(.,ORCHA,KOTTAPURAM) | 2343 | 118 | 211 | 9351 |
| 387 | A | T K Abdul Rouf(Anachal (H),Nileshwaram) | 1663 | 84 | 150 | 5694 |
| 136 | B | Manager Indus Towers Ltd. Kochi() | 16000 | 800 | 1440 | 76025 |
| 104 | A | Secretary, Communist Party of India(Marxist), Kadinhimoola Branch(.,Kadinhimoola,Thaikadapuram P.O.,671314) | 9266 | 464 | 834 | 42256 |
| 176 | A | President, Kadinhimoola Vishnumoorthi Devasthanam(Thaikkadappuram) | 1550 | 78 | 140 | 9345 |
| 90 | A | President, Jaihind Arts Club(Thaikkadappuram,9847249562(Mobile)) | 1119 | 56 | 101 | 6858 |
| 184 | A | Noushad L E(Ayisha Mahal,Nileshwaram) | 1692 | 85 | 153 | 6754 |
| 221 | A1 | President/secretary Vivekananda Seva Sammitthi(Thaikadappuram) | 5447 | 273 | 491 | 6211 |
| 176 | | Jilla Police Medhavi(.,Kasaragod) | 6988 | 350 | 0 | 44028 |
| 2 | UA | P PRADEEPAN(.,THAIKADAPURAM,NILESHWAR,Thaikadapuram P.O.,671314) | 2307 | 116 | 208 | 7893 |
| 125 | A | P C Sainudeen(Thaikadappuram) | 2159 | 108 | 195 | 8034 |
| 268 | | K.SARAFUNNISA(Chirammal House,Pallikkara,Nileshwar | 12264 | 614 | 1104 | 6991 |

| | | | | | | |
|---|---|---|---|---|---|---|
| | | P.O.,671314,9947667109(Mobile)) | | | | |
| 1 | UAC/18 | ASHRAF AM(.,HOSPITALROAD,THAIKADAPURAM,Thaikadapuram P.O.,671314,9947664778(Mobile)) | 2145 | 108 | 194 | 7341 |
| 70 | B | President Sree Palichon Seva Charitable Trust(Nileshwar) | 26940 | 1347 | 2425 | 238768 |
| 1 | UA | KIZHAKKE VEETTIL MALLIKA(.,.),SMITH(.,.),Shami Sadanandan(.,.),Shibu sadanandan(.,.),Meenakshi(.,.) | 2313 | 116 | 209 | 7914 |
| 3 | UAC | K V NARAYANI.,Thaikadappuram,Nileshwar,Thaikadapuram P.O. | 4068 | 204 | 367 | 17768 |
| 13 | UAC | Pallivalappil Befathima(.,Thaikadappuram,Nileshwar,Thaikadapuram | 2139 | 107 | 193 | 12201 |
| 1 | UA | PRABHAKARAN(LAKSHMINILAYAM,Thaikadappuram,Thaikadapuram | 1695 | 85 | 153 | 5799 |
| 289 | A | K Pramod Kumar(Near NSC Bank,Thaikadapuram P.O.,671314) | 2448 | 123 | 221 | 5269 |
| 356 | | Palavalappil Vanaja(Palakkat) | 1967 | 99 | 178 | 6751 |
| 185 | A | Suresh Babu ,secretary,anashwara Arts&sports Club(NILESHWAR) | 1917 | 96 | 173 | 12770 |
| 118 | | Cherammal Beepathumma() | 1629 | 82 | 147 | 7096 |
| 1 | UAC | LAYINAKILLATH P SUBAIDA(PONNUKKARAN HOUSE,NIDUNKANDA,NILESHWAR) | 816 | 41 | 74 | 6298 |
| 203 | A | Manager Bharathi Airtel Limited() | 19422 | 972 | 1748 | 88568 |
| 2 | UA19 | SALI JOHN,ABU ABRAHAM,AMALA ABRAHAM | 60114 | 3006 | 5411 | 68531 |
| 1451 | | Superintendent Of Police Kasaragod() | 14582 | 730 | 1313 | 66500 |
| 1194 | N | C H Ashraf(NILESHWAR,Nileshwar P.O.,671314),C H Subair(NILESHWAR,Nileshwar P.O.,671314) | 18362 | 919 | 1653 | 57974 |
| 1366 | | Circle Inspector Of Police(Nileshwar) | 9900 | 495 | 891 | 45144 |
| 1365 | | Superintendent Of Police Kasaragod() | 8400 | 420 | 756 | 38304 |
| 1 | UAC/19 | C ABDUL RAHMAN,ABDUL KHAYYUM NASTHAR,NAFEEYA(KUDLU CHOORI KASARAGOD) | 26649 | 1333 | 2399 | 30381 |
| 1021 | A | Director Payyanur Khadi Centre(Nileshwarm) | 0 | 0 | 0 | 26310 |
| 205 | | E K Abdul Razak(Edakkavil Veedu,Padannakkad) | 8748 | 438 | 788 | 24792 |
| 161 | | E K Abdul Razak(Edakkavil Veedu,Padannakkad) | 7026 | 352 | 633 | 23520 |
| 162 | | E K Abdul Razaque(Edakkavil Veedu,Padannakkad) | 7026 | 352 | 633 | 22647 |
| 107 | a | C H Abdul Rasheed. Chirammal House(NILESWARAM) | 3573 | 179 | 322 | 9592 |
| 989 | A | Abdul Rahiman M('Azmas',Nileshwar) | 6620 | 331 | 596 | 7547 |
| 533 | A | Thampan P(.,Market Road Nileshwar) | 902 | 46 | 82 | 6695 |
| 1164 | A | Ozhikandathil Pradeep(),Ozhikandathil Leena() | 650 | 33 | 59 | 6046 |

വസ്തു നികുതിയിനത്തിൽ തൻവർഷം നഗരസഭയ്ക്ക് ലഭിക്കേണ്ടിയിരുന്ന തുകയും കുടിശികയും പലിശ സഹിതം ഈടാക്കി വിശദാംശം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-19 തൊഴിൽ നികുതി പിരിവ് - അപാകതകൾ

നീലേശ്വരം നഗരസഭയുടെ 2018-19 വർഷത്തെ തൊഴിൽ പിരിവുമായി ബന്ധപ്പെട്ട രേഖകളും ഡിമാന്റ് രജിസ്റ്ററുകളും പരിശോധിച്ചപ്പോൾ ജീവനക്കാരിൽ നിന്നും , കച്ചവട സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതിലും, വിവരങ്ങൾ ഡിമാന്റ് രജിസ്റ്ററിൽ രേഖപ്പെടുത്തുന്നതിലും അപാകതകൾ ശ്രദ്ധയിൽപെടുകയുണ്ടായി . വിശദാംശം ചുവടെ ചേർക്കുന്നു.

1.ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ്

| സ്ഥാപനത്തിന്റെ പേര് | ജീവനക്കാരന്റെ പേര് | ശമ്പളം | ഈടാക്കിയ നികുതി | ഈടാക്കേണ്ടിയിരുന്ന നികുതി | കുറവ് |
|---|---|---|---|---|---|
| നീലേശ്വരം പോലീസ് സ്റ്റേഷൻ ( വാർഡ്. I) | ഭാർഗവി | 75072/- | 600/- | 750/- | 150/- |
| വിജയാ ബാങ്ക് നീലേശ്വരം<br><br>വാർഡ് -2 | ഉഷ എം വി | 26535x 6 =159210/- | 750/- | 1250/- | 500/- |
| ചിൻമയ വിദ്യാലയം നീലേശ്വരം (വാർഡ്-4) | നിഖില എ പി | 5000*6=30000/- | 180/- | 300/- | 120/- |
| ,, | സുധീഷ് വി വി | 10000*6=60000/- | 300/- | 600/- | 300/- |

| | | | | | |
|---|---|---|---|---|---|
| ,, | കാവ്യ കൃഷ്ണൻ | 10000*6=60000/- | 300/- | 600/- | 300/- |
| ,, | ജിഷ ടി വി | 10000*6=60000/- | 300/- | 600/- | 300/- |
| ,, | ജീന ജോണി | 9000*6=54000/- | 300/- | 450/- | 150/- |
| ,, | ശ്രീവിദ്യ | 5000*6=30000/- | 180/- | 300/- | 120/- |
| ,, | ഷംന | 10000*6=60000/- | 300/- | 600/- | 300/- |
| ,, | യമുന | 5525*6=33150/- | 180/- | 300/- | 120/- |
| ,, | ബാലകൃഷ്ണൻ | 9000*6=54000/- | 300/- | 450/- | 150/- |
| ,, | മോഹനൻ സിവി | 9000*6=54000/- | 300/- | 450/- | 150/- |
| എക്സൈസ് ഓഫീസ് നീലേശ്വരം (വാർഡ്-8) | അരുൺ ആർ കെ | 126955/- | 1000/- | 1250-/ | 250/- |
| ,, | ജിജിത്ത് കുമാർ കെ | 125600/- | 1000/- | 1250/- | 250/- |
| കേന്ദ്രീയ വിദ്യാലയം നീലേശ്വരം (വാർഡ്-15) | രമേഷൻ എൻ | 190344/- | 1000/- | 1250/- | 250/- |
| | | | | ആകെ | 3,410/- |

മേൽ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ് വന്ന 3,410/- രൂപ ഈടാക്കി നഗരസഭാ ഫണ്ടിൽ ഒടുക്കി രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

<u>2) തൊഴിൽ നികുതി ഈടാക്കിയതിന്റെ വിവരങ്ങൾ ഡിമാന്റ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.</u>

ചുവടെ ചേർത്ത സ്ഥാപനങ്ങളിൽ നിന്നും 2018-19 വർഷം ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയതിന്റെ വിശദാംശം തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

| ക്രമ നം | സ്ഥാപനത്തിന്റെ പേര് | വാർഡ് നം. | അർദ്ധവർഷം |
|---|---|---|---|
| 1 | യു.എ.ഇ എക്സ്ചേഞ്ച് നീലേശ്വരം | 1 | 2018-19 രണ്ടാം അർദ്ധവർഷം ₹2700 |
| 2 | കാസർഗോഡ് ജില്ലാ സഹകരണ ബാങ്ക് | 1 | 2018-19 രണ്ടാം അർദ്ധവർഷം ₹7000 |
| 3 | സനാതന ആർട്സ് & സയൻസ് കോളേജ് | 1 | 2018-19 ഇരുഅർദ്ധവർഷങ്ങളിലെയും നികുതി ഒടുക്കിയിട്ടില്ല. |
| 4 | യൂണിമണി ഫിനാൻഷ്യൽ സർവീസ് ലിമിറ്റഡ് | 2 | 2018-19 ഒന്നാം അർദ്ധവർഷം ₹2700 |
| 5 | ഖാദി സെന്റർ നീലേശ്വരം | 2 | 2018-19 ഇരുഅർദ്ധവർഷങ്ങളിലെയും നികുതി ഒടുക്കിയിട്ടില്ല. |
| 6 | ഗുരുകുലം കമ്പൂട്ടർ സെന്റർ നീലേശ്വരം | 2 | 2018-19 ഇരുഅർദ്ധവർഷങ്ങളിലെയും നികുതി ഒടുക്കിയിട്ടില്ല. |
| 7 | വൺ സീറോ കമ്പ്യൂട്ടേർസ് നീലേശ്വരം | 3 | 2018-19 രണ്ടാം അർദ്ധവർഷം |
| 8 | റോയൽ കോളേജ് നീലേശ്വരം | 3 | 2018-19 രണ്ടാം അർദ്ധവർഷം |
| 9 | വിക്ടറി വുഡ് ഇൻഡസ്ട്രീസ് | 8 | 2018-19 ഒന്നാം അർദ്ധവർഷം |
| 10 | എക്സൈസ് ഓഫീസ് നീലേശ്വരം | 8 | 2018-19 രണ്ടാം അർദ്ധവർഷം |
| 11 | കോസ്റ്റൽ പോലീസ് സ്റ്റേഷൻ | 17 | 2018-19 ഒന്നാം അർദ്ധവർഷം |

മേൽ സ്ഥാപനങ്ങളിൽ നിന്നും പരാമർശിത കാലയളവിലെ തൊഴിൽ നികുതി ഈടാക്കി നഗരസഭാ ഫണ്ടിൽ ഒടുക്കിയതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

<u>3.വ്യാപാരികളുടെ തൊഴിൽ നികുതി</u>

തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ പ്രകാരം വ്യാപാരികളുടെ തൊഴിൽ നികുതി ഇനത്തിൽ വിവിധ വാർഡുകളിലായി ഒടുക്കാൻ ബാക്കിയുള്ള തുകയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| വാർഡ് | ഈടാക്കാനുള്ള തുക |
|---|---|
| I | 42,730/- |
| II | 69,720/- |

| | |
|---|---|
| IV | 21,710/- |
| V | 4,500/- |
| VII | 6,160/- |
| X | 1,260/- |
| XI | 5,890/- |
| XII | 1,560/- |
| XIII | 720/- |
| XIV | 8,480/- |
| XV | 2,450/- |
| XVI | 2,700/- |
| XVII | 1,530/- |
| XVIII | 12,380/- |
| ആകെ | 1,81,790/- |

ആകെ 1,81,790/-രൂപ ഈടാക്കാനുള്ളതായി കാണുന്നു. ഇക്കാര്യം പരിശോധിച്ച് വ്യാപാരികളിൽ നിന്നും ഈടാക്കുവാനുള്ള തൊഴിൽ നികുതി ഈടാക്കി രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്. വിശദവിവരങ്ങൾ ഈ റിപ്പോർട്ടിന്റെ അനുബന്ധം 5 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-20 സാനിറ്റേഷൻ വർക്കർക്ക് തെറ്റായി ഇൻക്രിമെന്റ് അനുവദിച്ചു- അപാകതക

ശ്രീ. മെബിൻ. എ.പി, സാനിറ്റേഷൻ വർക്കർ തസ്തിക യിൽ നീലേശ്വരം നഗരസഭയിൽ 09.01.2015ന് ജോലിയിൽ പ്രവേശിച്ചു. ഇദ്ദേഹത്തിൻറെ സേവനപുസ്തകം പ്രകാരം 09.01.2015 മുതലുള്ള ശമ്പള വിവരം ചുവടെ ചേർക്കുംപ്രകാരമാണ്.

| തീയതി | തുക | ശമ്പള സ്കെയിൽ | റിമാർക്സ് |
|---|---|---|---|
| 09.01.2015 | 8730/- | 8730-12550 (പ്രി-റിവൈസ്ഡ്സ്കെയിൽ | പേജ് 16 സേവനപുസ്തകം |
| 01.01.2016 | 8960/- | 8730-12550 (പ്രി-റിവൈസ്ഡ്സ്കെയിൽ | പേജ് 16 സേവനപുസ്തകം |
| 01.01.2017 | 18500/- | 17000-37500 (റിവൈസ്ഡ് സ്കെയിൽ) | പേജ് 16 സേവനപുസ്തകം |
| 01.01.2018 | 19000/- | 17000-37500 (റിവൈസ്ഡ് സ്കെയിൽ) | പേജ് 18 സേവനപുസ്തകം |
| 01.01.2019 | 19500/- | 17000-37500 (റിവൈസ്ഡ് സ്കെയിൽ) | പേജ് 18 സേവനപുസ്തകം |
| 01.01.2020 | 20000/- | 17000-37500 (റിവൈസ്ഡ് സ്കെയിൽ) | പേജ് 18 സേവനപുസ്തകം |

നഗരസഭ കണ്ടിജൻറ് വിഭാഗം ജീവനക്കാരുടെ ശമ്പളം 01.07.2014 മുതൽ പരിഷ്കരിച്ച് ജി.ഒ(എം.എസ്)നം. 118/2016/ എൽ.എസ്.ജി.ഡി. തീയതി. 17.8.2016 പ്രകാരം ഉത്തരവായിട്ടുണ്ട്. ഇതിന് പ്രകാരം ശ്രീ. മെബിൻ. എ.പി, സാനിറ്റേഷൻ വർക്കറുടെ ശമ്പളം 09.01.2015 മുതൽ 17000-500-20000-550-22200-600-25200-650-27800-700-29900 -800-33900-900-37500 എന്ന ശമ്പള സ്കെയിലിൽ താഴെപറയും പ്രകാരമാണ് വേണ്ടത്.

| തീയതി | തുക |
|---|---|
| 09.01.2015 | 17,000/- |
| 01.01.2016 | 17,500/- |
| 01.01.2017 | 18,000/- |
| 01.01.2018 | 18,500/- |
| 01.01.2019 | 19,000/- |
| 01.01.2020 | 19,500/- |

ഇദ്ദേഹത്തിന് 09.01.2015 മുതൽ നൽകിയ ശമ്പളത്തിൻറെ വിവരം സ്ഥാപന സോഫ്റ്റ് വെയർ പ്രകാരം തയ്യാറാക്കുന്ന ബില്ല് പരിശോധിച്ചപ്പോൾ നൽകിയ ശമ്പള വിവരം ചുവടെ ചേർക്കുന്നു.

| തീയതി | തുക |
|---|---|
| 09.01.2015 | 17,000/- |
| 01.01.2016 | 17,500/- |
| 01.01.2017 | 18,000/- |
| 01.02.2018 | 18,500/- |
| 01.03.2018 | 19,000/- |
| 01.01.2019 | 19,500/- |
| 01.01.2020 | 20,000/- |

ശമ്പള ബില്ല് പ്രകാരം ഇദ്ദേഹത്തിന് 01.03.2018 മുതൽ അധികം തുക നൽകി വരുന്നുണ്ട്. അധികം നൽകിയ ശമ്പളത്തിൻറെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം | തീയതി | അർഹതപ്പെട്ട ശമ്പളം | നൽകിയ ശമ്പളം | അധികം നൽകിയ തുക | ആകെ അധികം നൽകിയ തുക |
|---|---|---|---|---|---|
| I | 01.03.2018 മുതൽ 31.12.2018 വരെ | 18,500/- | 19,000/- | (500+DA@17%)*4<br>01.03.2018 മുതൽ 30.06.2018 വരെ<br><br>(500+DA@20%)*6 1.07.2018 മുതൽ 31.12.2018 വരെ+ 8/2018ൽ 30 ദിവസത്തെ ആർജിതാവധി സറണ്ടർ (500+DA@20%) | 585x4+600x6+600=6540 |
| II | 01.01.2019 മുതൽ 31.12.2020 വരെ | 19000 | 19500 | (500+DA@20%)*12+ 8/2019ൽ 30 ദിവസത്തെ ആർജിതാവധി സറണ്ടർ (500+DA@20%) | 600x12+600 = 7800 |
| III | 01.01.2020 മുതൽ 31.10.2020 വരെ | 19500 | 20000 | (500+DA@20%)*10+ 8/2020ൽ 30 ദിവസത്തെ ആർജിതാവധി സറണ്ടർ (500+DA@20%) | 600x10+600 = 6600 |
| | | | | | Total : 20940/- |

(മേൽ പറഞ്ഞ പ്രകാരം ശ്രീ. മെബിൻ. എ.പി, സാനിറ്റേഷൻ വർക്കർക്ക് അധികം ശമ്പളം നൽകിയതുമായ് ബന്ധപ്പെട്ട അപാകത 17.11.2020ലെ ഓഡിറ്റ് എൻക്വയറി നം-2 പ്രകാരം നീലേശ്വരം നഗരസഭാ സെക്രട്ടറിയുടെ ശ്രദ്ധയിൽ പെടുത്തിയതിന് നൽകിയ മറുപടിയിൽ ഇൻക്രിമെന്റ് നൽകിയതിലെ അപാകത കാരണം ശ്രീ. മെബിൻ. എ.പി ക്ക് അധികം നൽകിയ ശമ്പളം ₹20,940 18.11.2020 ലെ 120060106407 നമ്പർ രസീത് പ്രകാരം തിരികെ ഈടാക്കിയതായി അറിയിച്ചു. കൂടാതെ സേവനപുസ്തകത്തിൽ രേഖപ്പെടുത്തിയിരിക്കുന്ന ശമ്പള വിവരങ്ങൾ സംബന്ധിച്ച അപാകതകൾ പരിഹരിക്കുന്നതാണെന്നും സൂചിപ്പിച്ചിട്ടുണ്ട്. തിരികെ ഒടുക്കിയ തുകയുടെ കൃത്യത ഓഡിറ്റിൽ പരിശോധിച്ച് ബോധ്യപ്പെടുകയുണ്ടായി)

ഇദ്ദേഹത്തിന്റെ ശമ്പളം 01.03.2018 മുതൽ ക്രമവത്കരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. അതുപോലെ ഇദ്ദേഹത്തിൻറെ

സേവനപുസ്തകത്തിൽ രേഖപ്പെടുത്തിയിരിക്കുന്ന ശമ്പള വിവരങ്ങളും ശമ്പള ബില്ല് പ്രകാരം നൽകിയ ശമ്പളവും പൊരുത്തപ്പെടാത്തതിന് വിശദീകരണം ആവശ്യമാണ്.

## 1-21 നഗരസഭാ സെക്രട്ടറിക്ക് ക്വാർട്ടേഴ്സ് വാടക അനുവദിച്ചത്-കൈപ്പറ്റിയ വീട്ടുവാടക ബത്ത തിരിച്ചടച്ചു.

എ) നീലേശ്വരം നഗരസഭാ സെക്രട്ടറി ശ്രീ.മനോജകുമാർ.ടി എന്നവർക്ക് 2018 ജൂലൈ മാസം മുതൽ 2019 മാർച്ച് മാസം വരെയുള്ള കാലയളവിൽ നഗരസഭയുടെ തനത് ഫണ്ടിൽ നിന്നും ക്വാർട്ടേഴ്സ് വാടക ഇനത്തിൽ പ്രതിമാസം 5,000/- രൂപ അനുവദിച്ചിട്ടുണ്ട്. ഈ തുക അദ്ദേഹം താമസിച്ചിരുന്ന കെട്ടിടത്തിന്റെ (നം 4/169B) ഉടമസ്ഥനായ മധു കളത്തേര എന്നവർക്കാണ് നൽകിയിരിക്കുന്നത്. 7/2018 മുതൽ 03/2019 വരെയുള്ള കാലയളവിലെ ക്വാർട്ടേഴ്സ് വാടകയായി 50,000/-രൂപ വിവിധ വൗച്ചറുകൾ പ്രകാരം അനുവദിക്കുകയുണ്ടായി.

നഗരസഭയിൽ നിന്നും ക്വാർട്ടേഴ്സ് വാടകയായ് തുക അനുവദിച്ച ഈ കാലയളവിൽ അദ്ദേഹം സർക്കാരിൽ നിന്നും പ്രതിമാസം 1,500/- രൂപ വീതം വീട്ടു വാടക ബത്തയായും കൈപറ്റിയിട്ടുണ്ട്. വീട്ടുവാടകയായ് ഒരേ സമയം നഗരസഭയിൽ നിന്നും സർക്കാരിൽ നിന്നും ആനുകൂല്യം കൈപറ്റിയതിനാൽ നഗരസഭയിൽ ജോലി ചെയ്ത കാലയളവിൽ സർക്കാരിൽ നിന്നും വാങ്ങിയ വീട്ടു വാടക ബത്ത സഞ്ചിത നിധിയിൽ ഒടുക്കി രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കുവാൻ ഓഡിറ്റ് എൻക്വയറി നം.18/ തി. 27.11.2020 പ്രകാരം നിർദ്ദേശിച്ചതനുസരിച്ച് , ഇദ്ദേഹം നഗരസഭയിൽ ജോലി ചെയ്തിരുന്ന 11/2019 വരെയുള്ള കാലയളവിൽ എച്ച്.ആർ.എ ഇനത്തിൽ കൈപ്പറ്റിയ 24,452 രൂപ ചലാൻ നം. KL013426305202021M തി.30.11.2020 പ്രകാരം ട്രഷറിയിൽ ഒടുക്കി രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കുകയുണ്ടായി.

ബി) നീലേശ്വരം നഗരസഭാ സെക്രട്ടറി ശ്രീ.മനോജകുമാർ.ടി എന്നവർ താമസിച്ചിരുന്ന കെട്ടിടത്തിന്റെ (നം 4/169B) വാടകയായി വൗച്ചർ നമ്പർ 65-8/18-19തീയതി 20.08.2018 പ്രകരം നൽകിയ 15,000/-രൂപയിൽ 7/18,8/18 എന്നീ മാസങ്ങളിലെ വാടകയും ഒരുമാസത്തെ മുൻകൂർ വാടകയും ഉൾപ്പെട്ടതാണ്. കെട്ടിട ഉടമസ്ഥൻ ശ്രീ. മധു കളത്തേര എന്നവർക്ക് മുൻകൂർ വാടകയായ് നൽകിയ 5,000/- രൂപ തിരികെ ലഭിച്ചതിന്റെ /ക്രമീകരിച്ചതിന്റ വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-22 ജീവനക്കാരുടെ ശമ്പള പരിഷ്കരണം കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിൽ നിന്നും സമയാസമയങ്ങളിൽ അംഗീകാരം വാങ്ങുന്നില്ല

ജീവനക്കാരുടെ ശമ്പള പരിഷ്കരണം കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിൽ നിന്നും സമയാസമയങ്ങളിൽ അംഗീകാരം വാങ്ങുന്നില്ല. നഗരസഭാ ഓഫീസിലെ ചുവടെ പറയുന്ന റഗുലർ ജീവനക്കാരുടെ ശമ്പള പരിഷ്കരണങ്ങൾ അംഗീകാരം വാങ്ങിയിട്ടില്ല.

| ക്രമ നം | ജീവനക്കാരന്റെ പേര്, തസ്തിക | അംഗീകാരം വാങ്ങാനുള്ള ശമ്പള പരിഷ്കരണം |
|---|---|---|
| 1 | ശിവജി.സി.കെ, സൂപ്രണ്ട് | ജി.ഒ (പി) നം 145/2006/Fin തീയതി 25.02.2006, ജി.ഒ (പി) നം85/2011/Fin തീയതി 26.02.2011, ജി.ഒ (പി) നം 7/2016/Fin തീയതി 20.01.2016 |
| 2 | പുരുഷോത്തമൻ. കെ.വി, ഹെഡ് ക്ലാർക്ക് | ജി.ഒ (പി) നം 145/2006/Fin തീയതി 25.02.2006, ജി.ഒ (പി) നം85/2011/Fin തീയതി 26.02.2011, ജി.ഒ (പി) നം 7/2016/Fin തീയതി 20.01.2016 |
| 3 | നാരായണി.ടി, ജെ.എച്ച്.ഐ.ഗ്രേഡ്1 | ജി.ഒ (പി) നം85/2011/Fin തീയതി 26.02.2011, ജി.ഒ (പി) നം 7/2016/Fin തീയതി 20.01.2016 |
| 4 | ഹരീഷ് കുമാർ. പി, സീനിയർ ക്ലാർക്ക് | ജി.ഒ (പി) നം85/2011/Fin തീയതി 26.02.2011, ജി.ഒ (പി) നം 7/2016/Fin തീയതി 20.01.2016 |
| 5 | സ്മിത.പി.പി, ജെ.എച്ച്.ഐ.ഗ്രേഡ്2 | ജി.ഒ (പി) നം 7/2016/Fin തീയതി 20.01.2016 |
| 6 | പ്രമോദ്.കെ, സീനിയർ ക്ലാർക്ക് | ജി.ഒ (പി) നം 7/2016/Fin തീയതി 20.01.2016 |
| 7 | രാജൻ. ടി.വി, ജെ.എച്ച്.ഐ.ഗ്രേഡ്2 | ജി.ഒ (പി) നം 7/2016/Fin തീയതി 20.01.2016 |
| 8 | ബീനകുമാരി.കെ.വി, ജെ.എച്ച്.ഐ.ഗ്രേഡ്2 | ജി.ഒ (പി) നം 7/2016/Fin തീയതി 20.01.2016 |
| 9 | ജമ്മ.സ്, സീനിയർ ക്ലാർക്ക് | ജി.ഒ (പി) നം 7/2016/Fin തീയതി 20.01.2016 |
| 10 | മനോജ് കുമാർ. കെ, ഹെഡ് ക്ലാർക്ക് | ജി.ഒ (പി) നം 7/2016/Fin തീയതി 20.01.2016 |
| 11 | സീമ.എൻ, സീനിയർ ക്ലാർക്ക് | ജി.ഒ (പി) നം 7/2016/Fin തീയതി 20.01.2016 |
| 12 | ഗീത. ആർ, ഓഫീസ് അറ്റൻഡന്റ് | ജി.ഒ (പി) നം 7/2016/Fin തീയതി 20.01.2016 |

ഈ ജീവനക്കാരുടെ ശമ്പള നിർണ്ണയങ്ങൾ പരിശോധിച്ച് അംഗീകാരം വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം.12, തീയതി 25-11-2020)

## 1-23 കണ്ടിജന്റ് ജീവനക്കാരുടെ സേവന പുസ്തകത്തിൽ ശമ്പള പരിഷ്കരണത്തിന്റെയടിസ്ഥാനത്തിൽ നടത്തിയ ശമ്പള നിർണ്ണയ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല, മറ്റ് അപാകതകൾ.

I) നഗരസഭാ ഓഫീസിലെ ചുവടെ പറയുന്ന കണ്ടിജന്റ് ജീവനക്കാരുടെ ശമ്പളം ജി.ഒ (എം.എസ്) നം 118/2016/LSGD തീയതി 17.08.2016 പ്രകാരം 01.07.2014 മുതൽ നിർണ്ണയം നടത്തിയതിന്റെ വിവരങ്ങൾ സേവന പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടില്ല. ഈ ജീവനക്കാരുടെ പേ ഫിക്സേഷൻ സ്റ്റേറ്റ്മെന്റും സേവന പുസ്തകത്തോടൊപ്പം ചേർത്തിട്ടില്ല.

| ക്രമ നം | ജീവനക്കാരന്റെ പേര് | തസ്തിക |
|---|---|---|
| 1 | രാജൻ. പി.വി | സാനിറ്റേഷൻ വർക്കർ |
| 2 | ഷീജ.കെ | സാനിറ്റേഷൻ വർക്കർ |
| 3 | സലോമി.പി.ജെ | സാനിറ്റേഷൻ വർക്കർ |
| 4 | മറിയം. എം | സാനിറ്റേഷൻ വർക്കർ |
| 5 | തമ്പാൻ.വി.വി | സാനിറ്റേഷൻ വർക്കർ |
| 6 | തങ്കമണി. എം | സാനിറ്റേഷൻ വർക്കർ |

ഈ ജീവനക്കാരുടെ ശമ്പള നിർണ്ണയ വിവരങ്ങൾ സേവന പുസ്തകത്തിൽ രേഖപ്പെടുത്തി കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിൽ നിന്നും അംഗീകാരം വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

II) ശ്രീമതി. ഷീജ.കെ, സാനിറ്റേഷൻ വർക്കറുടെ സേവനപുസ്തകത്തിൻ (പേജ് നം 16) 01.05.2013 ന് ഇൻക്രിമെന്റ് അനുവദിച്ചതിനെ തുടർന്നുള്ള ശമ്പളം 8,960/- രൂപ എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. തുടർന്ന് 01.05.2014 ന് ഇവരുടെ ശമ്പളം 8,960/- രൂപ എന്ന് തന്നെയാണ് രേഖപ്പെടുത്തിയിരിക്കുന്നത്. എന്നാൽ സ്ഥാപന സോഫ്റ്റ് വെയർ പ്രകാരം തയ്യാറാക്കുന്ന ബില്ല് പരിശോധിച്ചപ്പോൾ ഇവർക്ക് 01.05.2014 ന് നൽകിയ ശമ്പളം 9,190/-രൂപയാണ് (ഇൻക്രിമെന്റ് തുകയായ 230രൂപ കൂട്ടിയ ശമ്പളം). ശ്രീമതി. ഷീജ.കെ, സാനിറ്റേഷൻ വർക്കറുടെ സേവനപുസ്തകത്തിൽ രേഖപ്പെടുത്തിയിരിക്കുന്ന ശമ്പള വിവരങ്ങളും ശമ്പള ബില്ല് പ്രകാരം നൽകിയ ശമ്പളവും പൊരുത്തപ്പെടാത്തതിന് വിശദീകരണം ആവശ്യമാണ്. അപാകത പരിഹരിക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം.13, തീയതി 25-11-2020)

## 1-24 നഗരസഭ പെൻഷൻഫണ്ട്- അവലോകനം

1996 ലെ കേരളാ മുനിസിപ്പൽ (ജീവനക്കാരുടെ ഡെത്ത് -കം-റിട്ടയർമെന്റ് ബെനിഫിറ്റ്) ചട്ടങ്ങളിലെ ചട്ടം 7(2), 8, 10 എന്നിവ പ്രകാരം നഗരസഭയിലെ റഗുലർ ജീവനക്കാരുടെയും, 1996 ലെ കേരളാ മുനിസിപ്പൽ (കണ്ടിൻജന്റ് ജീവനക്കാരുടെ ഡെത്ത്-കം-റിട്ടയർമെന്റ് ബെനിഫിറ്റ്) ചട്ടങ്ങളിലെ ചട്ടം 7 പ്രകാരം നഗരസഭയിലെ കണ്ടിൻജന്റ് ജീവനക്കാരുടെയും 2018-19 വർഷത്തെ പെൻഷൻ വിഹിതത്തിന്റെ ഒടുക്ക്, പെൻഷൻ വിതരണത്തിനായി സെൻട്രൽ പെൻഷൻ ഫണ്ടിൽ നിന്നും ലഭിച്ച തുക അവയുടെ വിനിയോഗം, പെൻഷൻ വിതരണം എന്നിവ പരിശോധിച്ചു.

<u>1) നഗരസഭാ റഗുലർ ജീവനക്കാരുടെ പെൻഷൻഫണ്ട്.</u>

1996 ലെ കേരളാ മുനിസിപ്പൽ (ജീവനക്കാരുടെ ഡെത്ത് -കം-റിട്ടയർമെന്റ് ബെനിഫിറ്റ്) ചട്ടങ്ങളിലെ ചട്ടം 10 പ്രകാരം പെൻഷൻകാർക്ക് പെൻഷൻ ആനുകൂല്യങ്ങൾ നൽകുന്നതിനുവേണ്ടി സെക്രട്ടറി സർക്കാർ ട്രഷറിയിലോ ദേശസാൽകൃത ബാങ്കിലോ മുനിസിപ്പൽ പെൻഷൻ ഫണ്ട് എന്ന പേരിൽ ഒരു സേവിംഗ് ബാങ്ക് അക്കൗണ്ട് തുടങ്ങേണ്ടതും, പെൻഷൻ ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്നതിന് നകരകാര്യ ഡയറക്ടർ സെൻട്രൽ പെൻഷൻ ഫണ്ടിൽ നിന്നും നൽകിന്ന തുക ഈ അക്കൗണ്ടിൽ നിക്ഷേപിക്കേണ്ടതുമാണ്. എന്നാൽ നീലേശ്വരം നഗരസഭായിൽ റഗുലർ ജീവനക്കരുടെ പെൻഷൻ ഫണ്ട് കൈകാര്യം ചെയ്യുന്നതിനായി ഇത്തരത്തിലുള്ള മുനിസിപ്പൽ പെൻഷൻ ഫണ്ട് ഇല്ല. നിലവിൽ നഗരസഭയുടെ തനത് ഫണ്ട് കൈകാര്യം ചെയ്യുന്നതിനായി സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ നീലേശ്വരം ശാഖയിലുള്ള അക്കൗണ്ടിൽ (നം.67182813170) നിന്നാണ് പെൻഷൻ സംബന്ധിച്ച ഇടപാടുകൾ നടത്തുന്നത്. നഗരസഭായിൽ റഗുലർ ജീവനക്കരുടെ പെൻഷൻ ഫണ്ട് കൈകാര്യം ചെയ്യുന്നതിനായി മുനിസിപ്പൽ പെൻഷൻ ഫണ്ട് ആരംഭിക്കാത്തത് ചട്ടവിരുദ്ധമാണ്.

2018-19 സാമ്പത്തിക വർഷം സെൻട്രൽ പെൻഷൻ ഫണ്ടിൽ നിന്നും നഗരസഭയ്ക്ക് ലഭിച്ച 45,788/-രൂപ മേൽ പറഞ്ഞ തനത് ഫണ്ട് അക്കൗണ്ടിൽ വരവ് വച്ചിട്ടുണ്ട്. നിലവിൽ നഗരസഭയിൽ നിന്നും 2 പേരാണ് പെൻഷൻ കൈപ്പറ്റുന്നത്. നഗരസഭയിൽ നിന്നും വിരമിച്ച ശ്രീ.ശശി.കെ.വി (സീനിയർ ക്ലാർക്ക്), ശ്രീ.ബാബു.പി.എം. (സൂപ്രണ്ട്) എന്നിവർക്ക് പെൻഷൻ നൽകുന്നതിന് തൻവർഷം 2,84,064/- രൂപ ചെലവഴിച്ചിട്ടുണ്ട്.

1996 ലെ കേരളാ മുനിസിപ്പൽ (ജീവനക്കാരുടെ ഡെത്ത് -കം-റിട്ടയർമെന്റ് ബെനിഫിറ്റ്) ചട്ടങ്ങളിലെ ചട്ടം 7(2) പ്രകാരം നഗരസഭയിലെ റഗുലർ ജീവനക്കാരുടെ പ്രതിമാസ മൊത്ത വേതനത്തിന്റെ 15% തുക പെൻഷൻ വിഹിതമായി സെൻട്രൽ പെൻഷൻ ഫണ്ടിൽ ഒടുക്കേണ്ടതാണ്, കൂടാതെ ചട്ടം 8 പ്രകാരം പെൻഷൻ വിഹിതം അതേ മാസത്തെ ശമ്പള ബില്ലിനോടൊപ്പം പിൻവലിച്ച് 25-ാം തീയതിക്ക് മുൻപായി സെൻട്രൽ പെൻഷൻ ഫണ്ടിൽ ഒടുക്കേണ്ടതാണ്. നിലവിൽ നഗരസഭയിലെ 17 റഗുലർ ജീവനക്കാർ പെൻഷൻ വിഹിതം ഒടുക്കുന്നുണ്ട്. തൻ വർഷം 11,56,806/-രൂപ പെൻഷൻ വിഹിതമായി സെൻട്രൽ പെൻഷൻ ഫണ്ടിൽ ഒടുക്കിയിട്ടുണ്ട്. ജീവനക്കാരിൽ നിന്നും ഈടാക്കുന്ന പെൻഷൻ വിഹിതം ചട്ടം പ്രകാരമുള്ള സമയപരിധിക്കകം സെൻട്രൽ പെൻഷൻ ഫണ്ടിൽ ഒടുക്കുന്നുണ്ട്. ഇതു കൂടാതെ 8 ജീവനക്കാർ എൻ. പി.എസ് പെൻഷൻ പദ്ധതിയുടെ പരിധിയിൽ ഉൾപ്പെടുന്നുണ്ട്. ഇവരുടെ പ്രതിമാസ ശമ്പളത്തിൽ നിന്നും കോൺട്രിബ്യൂഷൻ തുക കുറവ് ചെയ്ത് നഗരസഭാ വിഹിതവും ചേർത്ത്....

<u>2) നഗരസഭാ കണ്ടിൻജന്റ് ജീവനക്കാരുടെ പെൻഷൻഫണ്ട്.</u>

1996 ലെ കേരളാ മുനിസിപ്പൽ (കണ്ടിൻജന്റ് ജീവനക്കാരുടെ ഡെത്ത് -കം-റിട്ടയർമെന്റ് ബെനിഫിറ്റ്) ചട്ടങ്ങളിലെ ചട്ടം 7(1) പ്രകാരം നഗരസഭയിലെ കണ്ടിൻജന്റ് ജീവനക്കാരുടെ പെൻഷൻ വിതരണത്തിന് നീലേശ്വരം നഗരസഭ പ്രത്യേക അക്കൗണ്ട് തുടങ്ങിയിട്ടില്ല. ചട്ടം 7(2) പ്രകാരം ഓരോ ജീവനക്കാരുടെയും അതാത് മാസത്തെ മൊത്തവേതനത്തിന്റെ 15% തുക പെൻഷൻ വിഹിതമായി പിരിച്ച് ഈ ഫണ്ടിൽ ഒടുക്കേണ്ടതാണ്. നിലവിൽ ഈ വിഹിതം പിരിക്കുന്നില്ല എന്നാണ് നഗരസഭ അറിയിച്ചത്. ഇത് ചട്ടപ്രകാരം തെറ്റായ നടപടിയാണ്. എത്രയും പെട്ടെന്ന് കണ്ടിൻജന്റ് പെൻഷൻ വിതരണത്തിനായി പ്രത്യേക അക്കൗണ്ട് തുടങ്ങി ചട്ട പ്രകാരമുള്ള പെൻഷൻ കോൺട്രിബ്യൂഷൻ തുക എല്ലാ മാസവും പെൻഷൻ ഫണ്ടിൽ ഒടുക്കേണ്ടതാണ്. ഇത് ഭാവിയിൽ നഗരസഭയ്ക്ക് പെൻഷൻ നൽകുന്നതിന്റെ ബാധ്യത ഒരു പരിധിവരെ ലഘൂകരിക്കും. കണ്ടിൻജന്റ് പെൻഷൻ ഫണ്ടിലേക്ക് വിഹിതം നൽകേണ്ട 6 ജീവനക്കാർ നിലവിൽ നഗരസഭയിൻ ജോലിചെയ്യുന്നുണ്ട്. ഇതു കൂടാതെ ഒരു ജീവനക്കാരൻ എൻ. പി.എസ് പെൻഷൻ പദ്ധതിയുടെ പരിധിയിൽ ഉൾപ്പെടുന്നുണ്ടെങ്കിലും അദ്ദേഹത്തിന് പ്രാൺ നമ്പർ ലഭ്യമാക്കിയിട്ടില്ല. 09.01.2015ന് നീലേശ്വരം നഗരസഭയിൽ സാനിറ്റേഷൻ വർക്കർ തസ്തികയിൽ ജോലിയിൽ പ്രവേശിച്ച ഇദ്ദേഹത്തിന്റെ പ്രതിമാസ ശമ്പളത്തിൽ നിന്നും കോൺട്രിബ്യൂഷൻ തുക കുറവ് ചെയ്ത് നഗരസഭയുടെ തനത് ഫണ്ടിൽ സൂക്ഷിക്കുകയാണ് ചെയ്തുവരുന്നത്. ആയതിനാൽ ശ്രീ. മെബിൻ. എ.പി, സാനിറ്റേഷൻ വർക്കർക്ക് എത്രയും വേഗത്തിൽ പ്രാൺ നമ്പർ ലഭ്യമാക്കി എൻ.പി.എസ് പെൻഷൻ പദ്ധതിയുടെ പരിധിയിൽ ഉൾപ്പെടുത്തേണ്ടതാണ്. നിലവിൽ ആരുംതന്നെ നഗരസഭയിൽ നിന്നും കണ്ടിജന്റ് പെൻഷൻ കൈപ്പറ്റുന്നില്ല.

## 1-25 ചെറപ്പുറം കുടിവെള്ള പദ്ധതി- പൂർത്തീകരണ വിവരങ്ങൾ ലഭ്യമല്ല- നടപടിക്രമങ്ങളിൽ അപാകതകൾ

നീലേശ്വരം നഗരസഭയിലെ അഞ്ചാം വാർഡിൽ കേരള വാട്ടർ അതോറിറ്റി മുഖാന്തിരം ഡെപ്പോസിറ്റ് പ്രവൃത്തി വ്യവസ്ഥയിൽ നടപ്പിലാക്കുന്ന കുടിവെള്ള പദ്ധതിയാണ് ചെറപ്പുറം കുടിവെള്ള പദ്ധതി. ഈ പദ്ധതിക്കായി 2017-18 ലെ പ്രോജക്റ്റ് നം എസ്.ഒ 244/18 ൽ ഉൾപ്പെടുത്തി 8 ലക്ഷം രൂപ ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ നിന്നും പിൻവലിച്ച് കേരള വാട്ടർ അതോറിറ്റിയുടെ ബാങ്ക് അക്കൗണ്ടിൽ 13.03.2018 ന് നിക്ഷേപിച്ചിട്ടുണ്ട്. കേരള വാട്ടർ അതോറിറ്റിയുടെ എസ്റ്റിമേറ്റ് പ്രകാരമുള്ള ബാക്കി തുകയായ 40,000 രൂപ 2018-19 വർഷം ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ നിന്നും പിൻവലിച്ച് (ബിൽ നം 58/23.06.2018) കേരള വാട്ടർ അതോറിറ്റിയുടെ ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുണ്ട്. കേരള വാട്ടർ അതോറിറ്റിയുടെ എസ്റ്റിമേറ്റിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| അനുബന്ധം എ | 10000 ലിറ്റർ ഓവർഹെഡ് ടാങ്ക് | 4,47,962.26 |
| അനുബന്ധം ബി | പമ്പിംഗ് മെയിൻ, വിതരണ ശൃംഖല | 1,17,251.41 |
| അനുബന്ധം സി | പൈപ്പുകളുടെയും സ്പെഷ്യൽസിന്റെയും തുക | 56,210.90 |
| | സബ്മേർസിബിൾ പമ്പ് സെറ്റ് | 27,202.50 |
| | വൈദ്യുതി ലൈൻ എക്സ്റ്റൻഷൻ | 71,000 |
| | റോഡ് പുനരുദ്ധാരണം | 25,000 |
| | 12.5% സെന്റേജ് ചാർജ് | 93,078.38 |
| | ലംപ്സം തുക | 2,294.55 |
| | ആകെ | 8,40,000 |

നഗരസഭാ കൗൺസിലിന്റെ 18.08.2018 ലെ 8/1 നമ്പർ തീരുമാന പ്രകാരം കേരള വാട്ടർ അതോറിറ്റിക്ക് സ്ഥലം കൈമാറുന്നതിനും ഗുണഭോക്തൃ സമിതി രൂപീകരിക്കുന്നതിനുള്ള ചുമതല വാർഡ് കൗൺസിലർക്ക് നൽകുന്നതിനും തീരുമാനമെടുത്തിട്ടുള്ളതായി കാണുന്നുവെങ്കിലും ഈ കാര്യങ്ങളിലെ തുടർ നടപടികൾ ഫയലിൽ കാണുന്നില്ല. ഈ പ്രോജക്ടിന്റെ നിർവഹണത്തിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. പദ്ധതിയുടെ പൂർത്തീകരണ വിവരം ഫയലിൽ ഇല്ല. പദ്ധതി പൂർത്തീകരിച്ച് കമ്മീഷൻ ചെയ്തിട്ടുണ്ടോ എന്ന വിവരം അറിയിക്കേണ്ടതാണ്. പ്രവൃത്തി പൂർത്തീകരിക്കാത്ത പക്ഷം നിലവിലെ സ്ഥിതി അറിയിക്കേണ്ടതാണ്.

2. കേരള വാട്ടർ അതോറിറ്റിയുടെ എസ്റ്റിമേറ്റിൽ 12.5% സെന്റേജ് ചാർജ് ഉൾപ്പെടുത്തിയിട്ടുണ്ട്. കേരള വാട്ടർ അതോറിറ്റി ഏറ്റെടുത്ത് നടത്തുന്ന ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്ന് എസ്റ്റിമേറ്റ് പ്ലാൻ എന്നിവ തയ്യാറാക്കുന്നതിനുള്ള 2.5% സെന്റേജ് ചാർജ് ഈടാക്കാൻ പാടുള്ളതല്ല എന്ന് 17.01.2018 ലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാന തല കോർഡിനേഷൻ കമ്മിറ്റിയുടെ 4.76 നമ്പർ തീരുമാനം, 16.04.2018 ലെ സ.ഉ(സാധാ)നം.1069/2018/ത.സ്വ.ഭ.വ ഉത്തരവ് എന്നിവയിൽ വ്യക്തമാക്കിയിട്ടുണ്ട്. കേരള പി.ഡബ്ല്യു.ഡി മാന്വൽ കേരള വാട്ടർ അതോറിറ്റിക്കും ബാധകമായതിനാലാണ് ഇത്തരത്തിൽ സർക്കാർ ഉത്തരവ് ഉണ്ടായത്. ആയതിനാൽ കേരള വാട്ടർ അതോറിറ്റിക്ക് നൽകിയിട്ടുള്ള തുകയിൽ നിന്ന് 2.5% സെന്റേജ് ചാർജ് ഉടൻ ക്രമപ്പെടുത്തേണ്ടതാണ്.

എസ്റ്റിമേറ്റ് തുക- 7,44,627.07

12.5% സെന്റേജ് ചാർജ് തുക- 93,078.38

10% സെന്റേജ് ചാർജ് തുക- 74,462.70

ക്രമപ്പെടുത്തേണ്ട തുക (2.5%)- 18,615.67 രൂപ

3. കരാർ ഉണ്ടാക്കിയിട്ടില്ല- കേരള വാട്ടർ അതോറിറ്റിയുടെ എസ്റ്റിമേറ്റ് പ്രകാരമുള്ള തുക ഡെപ്പോസിറ്റ് ചെയ്തതല്ലാതെ പ്രവൃത്തിയുടെ നിർവഹണവും തുകയുടെ വിനിയോഗവും സംബന്ധിച്ച് വാട്ടർ അതോറിറ്റിയുമായി നിർവഹണ ഉദ്യോഗസ്ഥൻ കരാർ തയ്യാറാക്കിയിട്ടില്ല. കരാർ തയ്യാറാക്കാത്തതിന് വിശദീകരണം നൽകേണ്ടതാണ്.

4. കേരള വാട്ടർ അതോറിറ്റിയുടെ എസ്റ്റിമേറ്റിൽ സാധാരണ ഗതിയിൽ വാട്ടർ അതോറിറ്റിക്ക് വൈദഗ്ധ്യം ഇല്ലാത്ത ഇനങ്ങളും ഉൾപ്പെടുത്തിക്കാണുന്നു.

പവർ ലൈൻ എക്സ്റ്റൻഷന് 71,000 രൂപ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇത് കെ.എസ്.ഇ.ബിയാണ് നിർവഹിക്കേണ്ടത്. കൂടാതെ റോഡ് പുനർനിർമാണത്തിനായി 25,000 രൂപ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ പ്രവൃത്തിയിൽ വാട്ടർ അതോറിറ്റിക്ക് പ്രവീണ്യം ഇല്ലാത്തതാണ്. ഈ പ്രവൃത്തികൾ നിർവഹിച്ചുവോ എന്ന് അന്വേഷിച്ച് വിവരം ലഭ്യമാക്കേണ്ടതാണ്. നിർവഹിച്ചുവെങ്കിൽ ഏതു വിധേനയാണ് ഈ പ്രവൃത്തികൾ നിർവഹിച്ചത് എന്നുള്ള വിവരവും ലഭ്യമാക്കേണ്ടതാണ്. (ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.6/23.11.2020 ന് അധികൃതർ മറുപടി നൽകിയിട്ടില്ല)

## 1-26 ഇടിച്ചൂടി കുടിവെള്ള പദ്ധതി-പൂർത്തീകരണ വിവരങ്ങൾ ലഭ്യമല്ല- നടപടിക്രമങ്ങളിൽ അപാകതകൾ

നീലേശ്വരം നഗരസഭയിലെ എട്ടാം വാർഡിൽ കേരള വാട്ടർ അതോറിറ്റി മുഖാന്തിരം ഡെപ്പോസിറ്റ് പ്രവൃത്തി വ്യവസ്ഥയിൽ നടപ്പിലാക്കുന്ന കുടിവെള്ള പദ്ധതിയാണ് ഇടിച്ചൂടി കുടിവെള്ള പദ്ധതി. ഈ പദ്ധതിക്കായി 2017-18 ലെ പ്രോജക്ട് നം എസ്.ഒ 243/18 ൽ ഉൾപ്പെടുത്തി 20 ലക്ഷം രൂപ ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ നിന്നും പിൻവലിച്ച് കേരള വാട്ടർ അതോറിറ്റിയുടെ ബാങ്ക് അക്കൗണ്ടിൽ 13.03.2018 ന് നിക്ഷേപിച്ചിട്ടുണ്ട്. കേരള വാട്ടർ അതോറിറ്റിയുടെ എസ്റ്റിമേറ്റ് പ്രകാരമുള്ള ബാക്കി തുകയായ 1,20,000 രൂപ 2018-19 വർഷം പ്രോജക്ട് നം 206/19 ൽ പെടുത്തി, ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ നിന്നും പിൻവലിച്ച് (ബിൽ നം 57/23.06.2018) കേരള വാട്ടർ അതോറിറ്റിയുടെ ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുണ്ട്. കേരള വാട്ടർ അതോറിറ്റിയുടെ എസ്റ്റിമേറ്റിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| അനുബന്ധം എ | 150 mm dia ബോർവെൽ കുഴിക്കൽ | 93,500 |
| അനുബന്ധം ബി | 10000 ലിറ്റർ ഓവർഹെഡ് ടാങ്ക് | 4,44,635.87 |
| അനുബന്ധം സി | പമ്പിംഗ് മെയിൻ, വിതരണ ശൃംഖല | 7,73,240.76 |
| | പൈപ്പുകളുടെയും സ്പെഷ്യൽസിന്റെയും തുക | 3,07,884.15 |
| | സബ്മേർസിബിൾ പമ്പ് സെറ്റ് | 1,08,075.00 |
| | വൈദ്യുതി ലൈൻ എക്സ്റ്റൻഷൻ | 75,000 |
| | റോഡ് പുനരുദ്ധാരണം | 75,000 |
| | 12% സെന്റേജ് ചാർജ് | 2,34,666.97 |
| | ലംപ്സം തുക | 7,997.25 |
| | ആകെ | 21,20,0000 |

ഈ പ്രോജക്ടിനായി 15.09.2019 ന് ഗുണഭോക്തൃ കമ്മിറ്റി രൂപീകരിച്ചിട്ടുള്ളതായും നഗരസഭാ കൗൺസിലിന്റെ 29.10.2019 ലെ 11/1 നമ്പർ തീരുമാന പ്രകാരം ഗുണഭോക്തൃ സമിതിയെ അംഗീകരിച്ചിട്ടുള്ളതും പ്രോജക്ടിന്റെ തുടർ നടത്തിപ്പ് ഗുണഭോക്തൃ സമിതിയെ ഏൽപ്പിച്ചിട്ടുള്ളതായും കാണുന്നു. പ്രോജക്ടിന് ആവശ്യമായ 3 സെന്റ് സ്ഥലം 189/1 എന്ന സർവേ നമ്പരിലുള്ള 3 സെന്റ് സ്ഥലം

3120/E/2017നമ്പർ ആഅധാര പ്രകാരം നഗരസഭാ സെക്രട്ടറിയുടെ പേർക്ക് രജിസ്റ്റർ ചെയ്തിട്ടുള്ളതായും കാണുന്നു. ഈ പ്രോജക്ടിന്റെ നിർവഹണത്തിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. പദ്ധതിയുടെ പൂർത്തീകരണ വിവരം ഫയലിൽ ഇല്ല. പദ്ധതി പൂർത്തീകരിച്ച് കമ്മീഷൻ ചെയ്തിട്ടുണ്ടോ എന്ന വിവരം അറിയിക്കേണ്ടതാണ്. പ്രവൃത്തി പൂർത്തീകരിക്കാത്ത പക്ഷം നിലവിലെ സ്ഥിതി അറിയിക്കേണ്ടതാണ്.

2. കേരള വാട്ടർ അതോറിറ്റിയുടെ എസ്റ്റിമേറ്റിൽ 12.5% സെന്റേജ് ചാർജ് ഉൾപ്പെടുത്തിയിട്ടുണ്ട്. കേരള വാട്ടർ അതോറിറ്റി ഏറ്റെടുത്ത് നടത്തുന്ന ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്ന് എസ്റ്റിമേറ്റ് പ്ലാൻ എന്നിവ തയ്യാറാക്കുന്നതിനുള്ള 2.5% സെന്റേജ് ചാർജ് ഈടാക്കാൻ പാടുള്ളതല്ല എന്ന് 17.01.2018 ലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാന തല കോർഡിനേഷൻ കമ്മിറ്റിയുടെ 4.76 നമ്പർ തീരുമാനം, 16.04.2018 ലെ സ.ഉ(സാധാ)നം.1069/2018/ത.സ്വ.ഭ.വ ഉത്തരവ് എന്നിവയിൽ വ്യക്തമാക്കിയിട്ടുണ്ട്. കേരള പി.ഡബ്ല്യു.ഡി മാന്വൽ കേരള വാട്ടർ അതോറിറ്റിക്കും ബാധകമായതിനാലാണ് ഇത്തരത്തിൽ സർക്കാർ ഉത്തരവ് ഉണ്ടായത്. ആയതിനാൽ കേരള വാട്ടർ അതോറിറ്റിക്ക് നൽകിയിട്ടുള്ള തുകയിൽ നിന്ന് 2.5% സെന്റേജ് ചാർജ് ഉടൻ ക്രമപ്പെടുത്തേണ്ടതാണ്.

എസ്റ്റിമേറ്റ് തുക- 18,77,335.78

12.5% സെന്റേജ് ചാർജ് തുക- 2,34,666.97

10% സെന്റേജ് ചാർജ് തുക- 1,87,733.58

ക്രമപ്പെടുത്തേണ്ട തുക (2.5%)- 46,933.39 രൂപ

3. കരാർ ഉണ്ടാക്കിയിട്ടില്ല- കേരള വാട്ടർ അതോറിറ്റിയുടെ എസ്റ്റിമേറ്റ് പ്രകാരമുള്ള തുക ഡെപ്പോസിറ്റ് ചെയ്തതല്ലാതെ പ്രവൃത്തിയുടെ നിർവഹണവും തുകയുടെ വിനിയോഗവും സംബന്ധിച്ച് വാട്ടർ അതോറിറ്റിയുമായി നിർവഹണ ഉദ്യോഗസ്ഥൻ കരാർ തയ്യാറാക്കിയിട്ടില്ല. കരാർ തയ്യാറാക്കാത്തതിന് വിശദീകരണം നൽകേണ്ടതാണ്.

4. കേരള വാട്ടർ അതോറിറ്റിയുടെ എസ്റ്റിമേറ്റിൽ സാധാരണ ഗതിയിൽ വാട്ടർ അതോറിറ്റിക്ക് വൈദഗ്ധ്യം ഇല്ലാത്ത ഇനങ്ങളും ഉൾപ്പെടുത്തിക്കാണുന്നു.

പവർ ലൈൻ എക്സ്റ്റൻഷന് 75,000 രൂപ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇത് കെ.എസ്.ഇ.ബിയാണ് നിർവഹിക്കേണ്ടത്. കൂടാതെ റോഡ് പുനർനിർമാണത്തിനായി 75,000 രൂപ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ പ്രവൃത്തിയിൽ വാട്ടർ അതോറിറ്റിക്ക് പ്രവീണ്യം ഇല്ലാത്തതാണ്. ഈ പ്രവൃത്തികൾ നിർവഹിച്ചുവോ എന്ന് അന്വേഷിച്ച് വിവരം ലഭ്യമാക്കേണ്ടതാണ്. നിർവഹിച്ചുവെങ്കിൽ ഏതു വിധേനയാണ് ഈ പ്രവൃത്തികൾ നിർവഹിച്ചത് എന്നുള്ള വിവരവും ലഭ്യമാക്കേണ്ടതാണ്. (ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.6/23.11.2020 ന് അധികൃതർ മറുപടി നൽകിയിട്ടില്ല)

## 1-27 പി.എം.എ.വൈ. ഭവന പദ്ധതി

സ്വന്തമായി സ്ഥലമുള്ള വാസയോഗ്യമായ ഭവനം ഇല്ലാത്ത എല്ലാവർക്കും ഭവനം എന്ന ലക്ഷ്യത്തോടെ കേന്ദ്ര സർക്കാർ ആവിഷ്കരിച്ച് സംസ്ഥാന സർക്കാരിന്റെയും ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടേയും സഹകരണത്തോടെ നടപ്പാക്കുന്ന പദ്ധതിയുടെ പ്രാഥമിക പ്രവർത്തനങ്ങൾ നീലേശ്വരം നഗരസഭയിൽ 2016-17 വർഷം പൂർത്തീകരിക്കുകയും 153 ഗുണഭോക്താക്കൾ ഉൾപ്പെടുന്ന ആദ്യഘട്ട ഡി.പി.ആറിന് ബന്ധപ്പെട്ട സംസ്ഥാനതല സമിതികൾ 2017 ഫെബ്രുവരി മാസം അംഗീകാരം നല്കുകയും ചെയ്യുകയുണ്ടായി. തുടർന്ന് പദ്ധതിയ്ക്കായി കൂടുതൽ ഗുണഭോക്താക്കൾ അപേക്ഷിച്ചതിനാൽ 298 ഗുണഭോക്താക്കളെ ഉൾപ്പെടുത്തി രണ്ടാം ഘട്ട ഡി.പി.ആറും,153 ഗുണഭോക്താക്കളെ ഉൾപ്പെടുത്തി മൂന്നാം ഘട്ട ഡി.പി.ആറും,82 ഗുണഭോക്താക്കളെ ഉൾപ്പെടുത്തി നാലാം ഘട്ട ഡി.പി.ആറും,64 ഗുണഭോക്താക്കളെ ഉൾപ്പെടുത്തി അഞ്ചാം ഘട്ട ഡി.പി.ആറും തയ്യാറാക്കി അംഗീകാരം വാങ്ങുകയും ചെയ്തു. പദ്ധതി പ്രകാരം ഗുണഭോക്താക്കൾ കരാറുടമ്പടി ഒപ്പുവെച്ച് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചത് 2017-18 സാമ്പത്തിക വർഷമാണ്. ആദ്യ ഘട്ടത്തിൽ പദ്ധതിയുടെ യൂണിറ്റ് കോസ്റ്റ് മൂന്ന് ലക്ഷം രൂപയായിരുന്നു (1,50,000രൂപ കേന്ദ്ര വിഹിതം, 50,000 രൂപ വീതം സംസ്ഥാന സർക്കാർ വിഹിതം,തദ്ദേശസ്വയംഭരണ സ്ഥാപനം വിഹിതം, ഗുണഭോക്തൃവിഹിതം). പദ്ധതിപ്രകാരമുള്ള ഭവനങ്ങളുടെ യൂണിറ്റ് കോസ്റ്റ് ലൈഫ് പദ്ധതി ഭവനങ്ങളുടെ യൂണിറ്റ് നിരക്കുമായി ഏകീകരിച്ച് നാലു ലക്ഷം രൂപയാക്കി സംസ്ഥാന സർക്കാർ ഉത്തരവായിട്ടുണ്ട്(ജി.ഒ.(എം.എസ്.)നം.29/2018 L.S.G.D. തി.28.02.2018). എന്നാൽ ഇതു പ്രകാരമുള്ള അധിക നിരക്ക് ഇതുവരെയും ഗുണഭോക്താക്കൾക്ക് ലഭ്യമായിട്ടില്ല. തദ്ദേശസ്വയം ഭരണ സ്ഥാപന വിഹിതം, ഗുണഭോക്തൃ വിഹിതം,കേന്ദ്ര-സംസ്ഥാന വിഹിതം,ബാങ്ക് പലിശ എന്നീയിനങ്ങളിൽ 31.03.2019 വരെ 6,51,56,534/-രൂപ പദ്ധതിയ്ക്കായി ലഭ്യമായിട്ടുണ്ട് . ഇതിൽ 6,38,55,000 രൂപ 31.03.2019 വരെ പദ്ധതിയ്ക്കായി വിനിയോഗിച്ചിട്ടുണ്ട്.

31.03.2019 വരെ ഉള്ളതും, ഓഡിറ്റ് തിയതി വരെയുള്ളതുമായ (20.11.2020) പദ്ധതി പുരോഗതി സംബന്ധിച്ച് നിർവ്വഹണ ഉദ്യോഗസ്ഥൻ ലഭ്യമാക്കിയ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ. | ഇനം | വിശദാംശം | വിശദാംശം |
| --- | --- | --- | --- |

| നം. | | ശങ്ങൾ (31-03-2019) | ശങ്ങൾ (20-11-2020) |
|---|---|---|---|
| 1 | ആകെ DPR | 5 | 5 |
| 2 | ആകെ ഗുണഭോക്താക്കൾ (അഞ്ച് DPR പ്രകാരം) | 750 | 750 |
| 3 | അർഹതപ്പെട്ട ഗുണഭോക്താക്കൾ (പരിശോധനയ്ക്ക് ശേഷം) | 604 | 595 |
| 4 | കെട്ടിട നർമ്മാണ പെർമിറ്റ് ലഭിച്ചവർ | 524 | 561 |
| 5 | എഗ്രിമെന്റ് ഒപ്പുവെച്ചവർ | 520 | 548 |
| 6 | നിർമ്മാണം ആരംഭിച്ചവർ | 520 | 545 |
| 7 | നിർമ്മാണം പൂർത്തിയാക്കിയവർ | 114 | 354 |
| 8 | ഗുണഭോക്തൃ വിഹിതം ലഭിച്ചത് | 30.7 ലക്ഷം | 30.7 |
| 9 | ആകെ ലഭ്യമായ തദ്ദേശ സ്വയംഭരണ സ്ഥാപന വിഹിതം | 228 ലക്ഷം | 267.35 |
| 10 | ആകെ ലഭ്യമായ കേന്ദ്ര-സംസ്ഥാന വിഹിതം | 384.8 ലക്ഷം | 900.4 |
| 11 | ആകെ ലഭ്യമായ ബാങ്ക് പലിശ | 8,06,535 | 1591933 |
| 12 | ഗഡ്കോ ലോൺ | 0 | 840 |
| 13 | ജിയോ ടാഗിംഗ് പൂർത്തീകരിച്ചത് | 471 | 595 |
| 14 | ആകെ വരവ് | 6,51,56,534 | 20,54,36,933 |
| 15 | 29.01.2019 വരെ ആകെ ചെലവ് | 638.55ലക്ഷം | 19,80,82,420 |
| 16 | എഗ്രിമെന്റ് വെയ്ക്കുവാൻ അവശേഷിക്കുന്നവർ | 90 | 47 |

പദ്ധതിയ്ക്കായി ലഭ്യമാവേണ്ട കേന്ദ്ര സംസ്ഥാന വിഹിതങ്ങൾ ലഭ്യമാക്കുവാനും, ഇതിനനുസൃതമായ തദ്ദേശസ്വയംഭരണ സ്ഥാപന വിഹിതം ഉൾപ്പെടുത്തി പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കുവാനും ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

### 1-28 പൂർത്തീകരിക്കാത്ത ഭവനങ്ങൾ

2010 മുതൽ നടപ്പിലാക്കിയ ഭവന പദ്ധതികളിൽ ധനസഹായം കൈപ്പറ്റിയ ചുവടെ ചേർത്ത ഗുണഭോക്താക്കൾ നാളിതു വരെയായിട്ടും നിർമാണം പൂർത്തിയാക്കാത്തത് ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു. വിശദ വിവരങ്ങൾ ചുവടെ പട്ടികയായി ചേർക്കുന്നു.

| ക്രമ നം | ഗുണഭോക്താവ് | കൈപ്പറ്റാൻ ബാക്കിയുള്ള തുക |
|---|---|---|
| 1 | രാജുസ്വാമി കെ.എം<br>s/oമാധവൻ, കാര്യങ്കോട് | 7,500 |
| 2 | പത്തിൽ മാധവി<br>D/oപത്തിൽ കണ്ണൻ, മുണ്ടേമ്മാട് | 7,500 |
| | | |

| | | |
|---|---|---|
| 3 | കാരിച്ചി കിഴക്കേവീട്ടിൽ<br><br>D/oകുതിരുമ്മൽ കുഞ്ഞമ്പു, പരിത്തിക്കാമുറി | 22,500 |
| 4 | എ വി കാർത്ത്യായനി<br><br>W/oഅമ്പൂട്ടി വളപ്പിൽ രാമൻ ആചാരി,പൂവാലംകൈ | 7,500 |
| 5 | സുശീല പി. വി<br><br>കോറോത്ത്, പടിഞ്ഞാറെ വീട് | 7,500 |
| 6 | കെ വി ജാനകി<br><br>D/oതലക്കാട്ട് പൊക്കൻ, തൈക്കടപ്പുറം | 7,500 |
| 7 | വിജയലക്ഷ്മി കെ<br><br>W/o ബാലകൃഷ്ണൻ കെ. വി, പൂവാലംകൈ | 7,500 |
| 8 | സരസു പി വി<br><br>W/oസദാനന്ദൻ എം എസ്, തൈക്കടപ്പുറം | 7,500 |
| 9 | ഞെട്ടന്റെ വളപ്പിൽ ജാനകി<br><br>W/o എം അമ്പാടി, തൈക്കടപ്പുറം | 22,500 |
| 10 | പി യു വൽസല<br><br>W/o രാഘവൻ നമ്പ്യാർ, പടിഞ്ഞാറ്റംകൊഴുവൽ | 7,500 |
| 11 | സി കെ കാർത്ത്യായനി<br><br>D/o കെ വി നാരായണൻ , ചെറപ്പുറം | 7,500 |
| 12 | ദാമോധരൻ പി കെ<br><br>S/o മുനമ്പത്ത് രാഘവൻ, പാലായി | 10,000 |
| 13 | മേലാളത്ത് കൊട്ടൻ<br><br>S/o അമ്പു അന്തിത്തിരിയൻ, തൈക്കടപ്പുറം | 22,500 |
| 14 | സരോജിനി കെ<br><br>D/o കേശവൻ, കൊട്ടപ്പുറം | 7,500 |
| 15 | പി കെ പ്രേമൻ<br><br>S/o സദാനന്ദൻ, അഴിത്തല | 22,500 |
| 16 | രാജു കെ<br><br>S/o കെ കൊട്ടൻ, കണിച്ചിറ | 7,500 |
| 17 | ടി നാരായണി<br><br>W/o കണ്ണൻ, തൈക്കടപ്പുറം | 7,500 |
| 18 | ശാന്ത കെ | 22,500 |

| | | |
|---|---|---|
| | W/oമണി ടി, കൊട്ടപ്പുറം | |
| 19 | ചന്തൻ വി വി<br>ഉച്ചൂളികുതിര് കൊട്ടപ്പുറം | 22,500 |
| 20 | ബാലൻ പി<br>S/o കോരൻകാവുങ്കാൽ, പാണ്ടിക്കോട്ട് | 7,500 |
| 21 | കുഞ്ഞമ്പു പി വി<br>S/oരാമുണ്ണി, കേളച്ചൻ വീട്, തൈക്കടപ്പുറം | 7,500 |
| 22 | തങ്കമണി പി<br>D/o ലക്ഷ്മി പ്രിയ ക്വോർട്ടേഴ്സ് ,പേരോൽ | 52,500 |
| 23 | മാധവി ടി കെ<br>പാലിച്ചോൻറോഡ് ,തൈക്കടപ്പുറം | 7,500 |
| 24 | മാധവി ഇ<br>D/oകണ്ണൻ ടി<br>പാലിച്ചോൻറോഡ് | 7,500 |
| 25 | ഹമീദ് പിവി<br>പട്ടേന വീട് ,ചിറപ്പുറം | 22,500 |

ഗുണഭോക്താക്കളുടെ ഭവന നിർമ്മാണം പൂർത്തിയാക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-29 സംരക്ഷണ ഗ്രാന്റ് നോൺ റോഡ് വിഹിതം ഉപയോഗിച്ച് അനുവദനീയമല്ലാത്ത പദ്ധതികൾക്ക് തുക വനിയോഗിച്ച -അപാകതകൾ

2018-19 വർഷം നിർവ്വഹണ ഉദ്യാഗസ്ഥൻ പ്രിൻസിപ്പാൾ CKMKS GVHSS കോട്ടപ്പുറം,നടപ്പിലാക്കിയ സമഗ്ര വിദ്യാഭ്യാസ പരിപേഷണ പദ്ധതിയുടെ (പ്രൊ.നം.63/2018-19) ഭാഗമായി നഗരസഭാ പരിധിയിലെ സ്കൂൾ വിദ്യാർത്ഥികൾക്ക് ഇംഗ്ലീഷ്-മലയാളം നിഘണ്ടു വിതരണം ചെയ്തവകയിൽ 4,99,850 രൂപയും, (ട്രഷറി ബിൽ നം...01351337/ തി.19.3.2019) വായന ശാലകൾക്ക് പുസ്തകം, ഷെൽഫ് എന്നിവ വിതരണം ചെയ്യൽ (പ്രൊ.നം 7/18-19) പദ്ധതിപ്രകാരം 2.19 ലക്ഷം രൂപയും (ട്രഷറി ബിൽ നം. 11/22.2.2019 ₹ 69,220 & ട്രഷറി ബിൽ നം...01138523/30.1.2019 ₹ 1,50,000/-) സരംക്ഷണ ഗ്രാന്റ് നോൺ റോഡ് ഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്.

സംരക്ഷണ ഗ്രാന്റ് നോൺ റോഡ് വിഹിതം വിനിയോഗം സംബന്ധിച്ച മാർഗ്ഗ രേഖകൾ പ്രകാരം സ്കൂൾ ലൈബ്രറികൾക്ക് പുസ്തകം , ഫർണിച്ചർ എന്നിവ നൽകുന്ന പദ്ധതികൾ ഏറ്റെടുക്കാമെങ്കിലും വിദ്യാർഥികൾക്ക് നിഘണ്ടു നല്കുന്ന പദ്ധതിയും, വായനശാലകൾക്ക് പുസ്തകം , ഫർണിച്ചർ എന്നിവ നൽകുന്ന പദ്ധതിയും സംരക്ഷണ ഗ്രാന്റ് നോൺ റോഡ് വിഹിതം വകയിരുത്തി ഏറ്റെടുക്കാവുന്നതല്ല. സർക്കാർ മാർഗ്ഗ രേഖകളിൽ നിന്നും വ്യതിചലിച്ച് പദ്ധതികൾ നടപ്പിലാക്കുമ്പോൾ സർക്കാരിൽ നിന്നും മുൻകൂർ അനുമതി നേടേണ്ടതാണ്. മേൽ രണ്ട് പദ്ധതികളുമായി ബന്ധപ്പെട്ട ഫയലുകളിൽ ഇത്തരത്തിൽ സർക്കാരിൽ നിന്നുമുള്ള അനുമതി ലഭ്യമായി കാണുന്നില്ല. സർക്കാരിന്റെ മുൻകൂർ അനുമതി നേടാതെ നിലവിലെ മാർഗ്ഗ രേഖകൾ പ്രകാരം അനുവദനീയമല്ലാത്ത ഇനങ്ങൾക്ക് മേൽ പദ്ധതികൾ പ്രകാരം വിനിയോഗിച്ച 7,19,070 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

(ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറികൾക്ക് (നം.4/20.11.2020 & നം.17/27.11.2020) 30.11.2020 ന് നിലവിലെ നിർവ്വഹണ ഉദ്യോഗസ്ഥൻ നൽകിയ മറുപടിയിൽ സംരക്ഷണ ഗ്രാന്റ് നോൺ റോഡ് വിഹിതം പദ്ധതികൾക്കായി വിനിയോഗിച്ചതിന് സർക്കാരിൽ നിന്നും സാധൂകരണം ലഭ്യമാക്കി ഹാജരാക്കുന്നതാണെന്ന് പരാമർശിച്ചിട്ടുണ്ട്.) (പ്രൊ.നം.63/2018-19 പ്രകാരം വിദ്യാർഥികൾക്ക് വിതരണം ചെയ്യാൻ വാങ്ങിയ 1750 ഡിക്ഷണറികളിൽ 117 എണ്ണം വിദ്യാർത്ഥികൾക്ക് വിതരണം ചെയ്യാതെ

നഗരസഭാ സെക്രട്ടറിക്ക് നിർവ്വഹണ ഉദ്യോഗസ്ഥ കൈമാറിയിട്ടുണ്ട്. ഇത് സംബന്ധിച്ച പരാമർശം ഈ റിപ്പോർട്ടിലെ ഖണ്ഡിക 3-1 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.)

## 1-30 വീട് വാസയോഗ്യമാക്കൽ പദ്ധതി - പൂർത്തീകരണ രേഖകൾ ഹാജരാക്കിയില്ല

<u>നിർവ്വഹണ ഉദ്യോഗസ്ഥൻ:</u> ബ്ലോക്ക് എസ്.സി.ഡി.ഒ

പ്രൊ.നം 73/19 (വീട് വാസയോഗ്യമാക്കൽ) പദ്ധതിപ്രകാരം ഓഡിറ്റ് വർഷം 9.93 ലക്ഷം രൂപ വികസന ഫണ്ടിൽ നിന്നും വിനിയോഗിച്ചിട്ടുണ്ട്. പദ്ധതിപ്രകാരം ഗുണഭോക്താക്കൾക്ക് 1,50,000/- രൂപ വരെയാണ് പരമാവധി ധനസഹായം അനുവദിക്കുന്നത്. ഇതനുസരിച്ച് 75,000 രൂപ (ട്രഷറി ബിൽ.നം.16/NMP/തി.30.12.2018) ആദ്യ ഗഡുവായി കൈപ്പറ്റിയ വെമ്പിരിച്ചി ചെറിയ കാരിച്ചി എന്ന ഗുണഭോക്താവ് പ്രവൃത്തി പൂർത്തീകരിച്ച് തുടർ ഗഡുക്കൾ കൈപ്പറ്റുകയോ, കൈപ്പറിയ തുകയുടെ വാല്യുവേഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കുകയോ ചെയ്തു കാണുന്നില്ല. ഇക്കാര്യം പരിശോധിച്ച് പ്രവൃത്തി പൂർത്തീകരണവുമായി ബന്ധപ്പെട്ട് നഗരസഭാ എഞ്ചിനിയർ നൽകുന്ന വാല്യുവേഷൻ സർട്ടിഫിക്കറ്റ് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. ആയതു വരെ പദ്ധതി പ്രകാരം മേൽ ഗുണഭോക്താവിന് അനുവദിച്ച 75,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-31 വനിതാ ഗ്രൂപ്പുകൾക്ക് സ്വയം തൊഴിൽ പദ്ധതി - സബ്സിഡി തുക ലോൺ അക്കൗണ്ടിലേയ്ക്ക് വരവ് വെച്ചതിന്റെ രേഖകൾ ലഭ്യമാക്കിയില്ല.

2018-19 വർഷം നിർവ്വഹണ ഉദ്യോഗസ്ഥൻ വ്യവസായ വികസന ഓഫീസർ നടപ്പാക്കിയ "വനിതാ ഗ്രൂപ്പുകൾക്ക് സ്വയം തൊഴിൽ " പദ്ധതി പ്രകാരം (പ്രൊ.നം 49/18-19) വികസനഫണ്ടിൽ നിന്നും 11.49 ലക്ഷം രൂപ 4 ഗ്രൂപ്പുകൾക്കായി അനുവദിച്ചിട്ടുണ്ട്. (ഒരു ഗ്രൂപ്പിന് 2.50 ലക്ഷം 2019-20 വർഷവും അനുവദിച്ചു.) . സ.ഉ.(കൈ) നം.22/2018 തസ്വഭവ തി.14.2.2018 ഖ.6.4 പ്രകാരം വായ്പാ ബന്ധിതമായി നടപ്പാക്കുന്ന ഇത്തരം പദ്ധതികളിൽ സബസിഡി തുക ബാക്കെൻഡ് സബ്സിഡിയായി വായ്പ അനുവദിച്ച ബാങ്കുകളിലെ ബന്ധപ്പെട്ട വായ്പാ അക്കൗണ്ടുകളിലേയ്ക്കാണ് നൽകേണ്ടത് .ഓഡിറ്റ് വർഷം സബ്സിഡി അനുവദിച്ച 4 ഗ്രൂപ്പുകളിൽ 3 എണ്ണത്തിന്റെ സബ്സിഡി തുകകൾ വായ്പ അനുവദിച്ച ബാങ്കിൽ സംഘത്തിന്റെ പേരിലുള്ള ജോയിന്റ് അക്കൗണ്ടുകളിലേയ്ക്കാണ് നല്കിക്കാണുന്നത്. കൂടാതെ നന്ദനം ഗാർമെന്റ്സ് എന്ന യൂണിറ്റിന് വായ്പ അനുവദിച്ചത് നീലേശ്വരം അഗ്രിക്കൾച്ചറിസ്റ്റ് വെൽഫെയർ സഹകരണ സംഘത്തിൽ നിന്നാണെങ്കിലും സബ്സിഡി തുക കൈമാറിയിട്ടുള്ളത് ICICI ബാങ്ക് കാഞ്ഞങ്ങാട് ശാഖയിലെ അക്കൗണ്ടിലേയ്ക്കാണ് . ഗ്രൂപ്പുകൾക്ക് സബ്സിഡി അനുവദിച്ചതിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| ഗ്രൂപ്പിന്റെ പേര് | സബ്സിഡി തുക | ട്രഷറി ബിൽ നം & തിയതി | വായ്പ അനുവദിച്ച ബാങ്ക് | സബ്സിഡി കൈമാറിയ ബാങ്ക് അക്കൗണ്ട്. |
|---|---|---|---|---|
| ശ്രീ ദുർഗ്ഗ ടൈലറിങ്ങ് & ഗാർമെന്റ്സ് കാര്യങ്കോട് | 2,55,000/- | ..01284757/ തി.28.2.2019 | സൗത്ത് ഇന്ത്യൻ ബാങ്ക് നീലേശ്വരം | A/C No. 0766081000000010- സൗത്ത് ഇന്ത്യൻ ബാങ്ക് നീലേശ്വരം |
| നന്ദനം ഗാർമെന്റ്സ് നീലേശ്വരം | 3,00,,000/- | ..01284757/ തി.28.2.2019 | നീലേശ്വരം അഗ്രിക്കൾച്ചറിസ്റ്റ് വെൽഫയർ സഹകരണ സംഘം | A/C No. 117005001267 ICICI Bank കാഞ്ഞങ്ങാട്. |
| ലോലി പോപ് ഡേ കെയർ സെന്റർ ചിറപ്പുറം | 3,00,000/- | ..01088997/ തി.21.01.2019 | ഇന്ത്യൻ ഓവർസീസ് ബാങ്ക് നീലേശ്വരം | A/C No. 145401000031117 ഇന്ത്യൻ ഓവർസീസ് ബാങ്ക് നീലേശ്വരം |
| മൂൺ ലൈറ്റ് ഫോട്ടോസ്റ്റാറ്റ് നീലേശ്വരം | 2,94,100/- | ..01088997/ തി.21.01.2019 | സിൻഡിക്കേറ്റ് ബാങ്ക് നീലേശ്വരം | A/C No. 42072010012641 സിൻഡിക്കേറ്റ് ബാങ്ക് നീലേശ്വരം |
| ആകെ | ₹11,49,100/- | | | |

മേൽ പ്രകാരം അനുവദിച്ച സബിസിഡി തുക ബാങ്കുകളിലെ വായ്പാ അക്കൗണ്ടുകളിൽ വരവ് വെച്ചതിന്റെ രേഖകൾ , ലോൺ അക്കൗണ്ട് സ്റ്റേറ്റ്മെന്റ് സഹിതം ബന്ധപ്പെട്ട ബാങ്കുകളിൽ നിന്നും ലഭ്യമാക്കി പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. അതുപോലെ ആനുകൂല്യം ലഭ്യമായ ഗ്രൂപ്പുകൾക്ക് നഗരസഭയിൽ നിന്നോ വ്യവസായ വകുപ്പിൽ നിന്നോ കഴിഞ്ഞ 5 വർഷത്തിനുള്ളിൽ സമാന

പദ്ധതികൾക്ക് ആനുകൂല്യം ലഭിച്ചിട്ടില്ലായെന്ന സാക്ഷ്യ പത്രങ്ങളും പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്. മേൽ പരാമർശിച്ച സ്വയം തൊഴിൽ സംരംഭങ്ങളുടെ നിലവിലെ സ്ഥിതി സംബന്ധിച്ച് മോണിറ്ററിങ്ങ് സമിതി മുഖേന വിലയിരുത്തി റിപ്പോർട്ട് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.
( ഓഡിറ്റ് എൻക്വയറി നം.5/20.11.2020 പ്രകാരം മേൽ പരാമർശിച്ച രേഖകൾ ആവശ്യപ്പെട്ടുവെങ്കിലും പരിശോധനയ്ക്ക് ലഭ്യമാക്കുകയുണ്ടായില്ല)

## 1-32 ആശുപത്രി മാനേജിംഗ് കമ്മിറ്റികളുടെ വാർഷിക കണക്കുകൾ ഓഡിറ്റിൽ പരിശോധനക്കായി ലഭ്യമാക്കിയില്ല.

1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം, വകുപ്പ് 30(1) പ്രകാരം മുനിസിപ്പാലിറ്റി പരിധിയിലെ സർക്കാർ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളുടെ നടത്തിപ്പ് ചുമതല നഗരസഭകളുടെ മേഖലാടിസ്ഥാനത്തിലുള്ള ചുമതലകളിൽപെട്ടതാണ്. വകുപ്പ് 30(9), 2013 ലെ കേരള മുനിസിപ്പാലിറ്റി (പൊതു ജനാരോഗ്യ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള മാനേജിംഗ് കമ്മിറ്റികൾ) ചട്ടങ്ങളിലെ, ചട്ടം.3(1) പ്രകാരം കൈമാറിയിട്ടുള്ള പൊതു ആരോഗ്യ സ്ഥാപനങ്ങളിൽ ചെയർപേഴ്സൺ, വൈസ് ചെയർപേഴ്സൺ, മെമ്പർ സെക്രട്ടറി എന്നിവർ ഉൾപ്പടെ 15 അംഗങ്ങളിൽ കൂടാതെയുള്ള ഒരു മാനേജിംഗ് കമ്മിറ്റി നിർണ്ണയിക്കപ്പെട്ട പ്രകാരം രൂപീകരിക്കേണ്ടതാണ്.

ചട്ടം 9(1) പ്രകാരം പൊതുജനാരോഗ്യ സ്ഥാപനത്തെ സംബന്ധിച്ച ആശുപത്രി വികസന ഫണ്ട് ഓഡിറ്റ് നടത്തേണ്ടത് കേരള സംസ്ഥാന ഓഡിറ്റ് വകുപ്പാണ്. 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 9(1) പ്രകാരം ഒരു സാമ്പത്തിക വർഷം അവസാനിച്ച ശേഷം 4 മാസത്തിനകം വാർഷിക കണക്കുകൾ ഓഡിറ്റിനായി സമർപ്പിക്കേണ്ടതാണ് (ജൂലായ് 31 നകം). എന്നാൽ മുനിസിപ്പാലിറ്റി പരിധിയിൽ പ്രവർത്തിക്കുന്ന നീലേശ്വരം താലൂക്ക് ആശുപത്രിയിൽ ഹോസ്പിറ്റൽ മാനേജിംഗ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ടെങ്കിലും എച്ച്.എം.സി. ആരംഭിച്ച വർഷം മുതലുള്ള വാർഷിക കണക്കുകൾ ഓഡിറ്റിൽ പരിശോധനക്കായി സമർപ്പിച്ചിട്ടില്ല. മേൽ വിഷയം ഭരണസമിതിയുടെ ശ്രദ്ധയിൽപെടുത്തുന്നു. കൂടാതെ മുനിസിപ്പാലിറ്റി പരിധിയിലുള്ള മറ്റ് എച്ച്.എം.സി.കളുടെ വാർഷിക കണക്കുകളും ഓഡിറ്റ് പരിശോധനയ്ക്ക് ലഭ്യമാക്കാനാവശ്യമായ നിർദ്ദേശം ബന്ധപ്പെട്ടവർക്ക് നൽകേണ്ടതാണ്.

## 1-33 ഹെൽത്ത് സൂപ്പർവൈസർ നിർവ്വഹണം നടത്തിയ പദ്ധതികളിലെ അപാകത

ഹെൽത്ത് സൂപ്പർവൈസർ ഓഡിറ്റ് വർഷം നിർവ്വഹണം നടത്തിയ പദ്ധതികളിൽ പല അപാകതകളും കാണുകയുണ്ടായി വിശദവിവരം താഴെ വിവരിക്കുന്നു.

<u>1-സി.സി.ടി.വി ക്യാമറ സ്ഥാപിക്കൽ- പദ്ധതി</u>

| | |
|---|---|
| പ്രോജക്റ്റ് നം, പേര് | SO 238/18-19, ക്ലീൻ നീലേശ്വരം |
| പദ്ധതി അടങ്കൽ | 15,60,000/-രൂപ (ധനകാര്യകമ്മീഷൻ ഗ്രാന്റ്) |
| ചെലവഴിച്ച തുക | 15,60,000/-രൂപ , ബില്ല് നം- 01/19.05.2018 |

